+965 66651095 darshanamkwtkmcc darshanam@kuwaitkmcc.com

ദർശനം
DARSHANAM MAGAZINE

2024 ഒക്ടോബർ

കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം

KUWAIT K M C C
Kuwait Kerala Muslim Cultural Centre
Regd. with Embassy of India - Kuwait


# ഫോട്ടോ ഷൂട്ട് നാട്യങ്ങൾക്കിടെ, അല്പം ഗാന്ധിചിന്തകൾ..!

✍ കൃഷ്ണൻ കടലുണ്ടി



നാനൂറോളം പേർ മരണപ്പെടുകയും നൂറ്റൻപതോളം പേരെ കാണാതാവുകയും ചെയ്ത വയനാട് ദുരന്തത്തെ തുടർന്ന് നമ്മുടെ പ്രധാനമന്ത്രി അവിടെ വരികയും വിവിധ ഇടങ്ങൾ സന്ദർശിക്കുകയുമുണ്ടായി. ഇതിനിട യിൽ പുറത്തു വന്ന ഒരു പിഞ്ചുകുഞ്ഞിനെ എടുത്തു ലാളിക്കുന്ന പ്രധാനമന്തിയുടെ ദൃശ്യം വൻ തോതിൽ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. ആൾക്കൂട്ടത്തോട് മാത്രം പ്രസംഗിക്കുകയും സാധാരണ വ്യക്തികളോട് നേരിട്ട് ഇടപെടാതി രിക്കുകയും ചെയ്യുന്ന പ്രധാനമന്ത്രിയെ കണ്ടിരുന്ന ജനതക്ക് ആ രംഗം ഏറെ കൗതുകക രമായിരുന്നുവെന്നതാണ് ചിത്രം ഇത്രയേറെ പ്രചാരത്തിലായിത്തീരാൻ ഇടയാക്കിയത്.

അതൊരു ഫോട്ടോ ഷൂട്ട് പരിപാടിയായിരുന്നു എന്ന വാർത്തകളും പിന്നീട് പുറത്തു വന്നു. വോട്ടഭ്യർത്ഥിച്ച് ചെല്ലുന്ന വീട്ടിലെ കൊച്ചുകുട്ടിയുടെ മൂക്കളപ്പ് തുടച്ചു കൊടുത്ത 'ദി കിംഗ്' എന്ന ചിത്രത്തിലെ കഥാപാത്രം വീട്ടിലെത്തി ഡെറ്റോൾ ഉപയോഗിച്ച് കൈ കഴുകുന്ന രംഗം ഇവിടെ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. തന്നിൽ ദൈവിക ശക്തി



കുടിയേറിയിട്ടുണ്ട് എന്ന വാദവും കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് പ്രധാനമന്ത്രിയിൽ നിന്നുമുണ്ടായി.

ഒരു ഭരണാധികാരി രാജ്യത്തെ ജനതയോടെല്ലാം നേരിട്ട് ഇടപെടണമെന്ന് നമുക്ക് ശഠിക്കാനാവില്ല. എന്നാൽ അദ്ദേഹത്തിന്റെ ഭരണപരമായ കാഴ്ചപ്പാടിനെ ജനത വിലയിരുത്തും. ഇത്രയേറെ ജീവഹാനിയും നാശനഷ്ടവും ഉണ്ടായിട്ടും വായനാട്ടിലെയോ വിലങ്ങാട്ടിലെയോ ജനതയുടെ നന്മക്കായി പ്രത്യേകമായി എന്തെങ്കിലും സഹായ വാഗ്ദാനം പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മുൻ പ്രധാനമന്ത്രി ശ്രീ മൻമോഹൻ സിങ് ജനങ്ങളുമായി നേരിട്ട് ഇടപെടുന്ന വ്യക്തിയായിരുന്നില്ല. ഒരർത്ഥത്തിൽ അദ്ദേഹം ഒരു ബ്യൂറോക്രാറ്റ് ആയിരുന്നു താനും. പക്ഷെ അദ്ദേഹം നിശ്ചയ ദാർഢ്യമുള്ള മികച്ച ഭരണാധികാരിയായിരുന്നു എന്ന് നമുക്ക് തെളിയിച്ചു തന്നു. അതിന്റെ നല്ല ഉദാഹരണങ്ങളാണ് ഇന്ന് അനുഭവവേദ്യങ്ങളായ തൊഴിലുറപ്പു പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുമെല്ലാം.

കേരളത്തിലും നമുക്കൊരു ഭരണാധികാരിയുണ്ട്. സാധാരണക്കാരന് നേരിട്ട് കാണുവാനാവാത്ത, വാർത്താമാധ്യമങ്ങളെ തീണ്ടാപ്പാടകലെ നിർത്തുന്ന മുഖ്യമന്ത്രി. അനുചരന്മാർക്ക് പിൻവാതിലിലൂടെ നേട്ടങ്ങൾ സാധ്യമാക്കുന്നു. സ്വന്തം താൽപര്യങ്ങൾ വിട്ടു വീഴ്ചയില്ലാതെ സംരക്ഷിക്കുന്ന മുഖ്യമന്ത്രി തന്റെ ആരോഗ്യ പ്രശ്നങ്ങൾക്കും കുടുംബത്തിന്റെ താല്പര്യങ്ങൾക്കും പക്ഷെ മുന്തിയ പരിഗണന നൽകുന്നതായി കാണാനാവുന്നു. ശയ്യാവലംബമായി പുഷ്പന്മാർ കിടക്കുമ്പോൾ തന്നെ തന്റെ പദവികൾ ദുരുപയോഗം ചെയ്തുകൊണ്ട് മക്കൾക്ക് ഉന്നത വിദ്യാഭ്യാസവും വൻ സാമ്പത്തിക നേട്ടവും ഉണ്ടാക്കുന്നതിന് ശ്രമിച്ച ശ്രീ പിണറായി വിജയൻ ജനത്തെ കബളിപ്പിച്ചുകൊണ്ട് ഇന്നും അതേ പ്രതലത്തിൽ വിഹരിക്കുന്നതായി ജനം വിലയിരുത്തുന്നു. (കഴിഞ്ഞ ദിവസം അന്തരിച്ച സഖാവ് പുഷ്പന് ആദരാഞ്ജലികൾ).

മുൻപൊരു ഭരണാധികാരി നമുക്കുണ്ടായിരുന്നു. അതി വേഗം ബഹുദൂരം സഞ്ചരിച്ച ശ്രീ ഉമ്മൻ ചാണ്ടി. രാവ് പകലാക്കി ജീവിച്ചതത്രയും ജനനന്മക്കു വേണ്ടിയായിരുന്നു എന്ന് ശ്രീ ഉമ്മൻചാണ്ടിയുടെ മരണാന്തരം കേരളജനത തിരിച്ചറിഞ്ഞു. അദ്ദേഹം ജീവിച്ചത് ജനതക്ക് ഇടയിലായിരുന്നു. ആർക്കും എപ്പോഴും നേരിൽ കാണുന്നതിനോ ഫോണിൽ ബന്ധപ്പെടുന്നതിനോ സാധ്യമായിരുന്നു. നാലു ഭരണാധികാരികളുടെ വിവിധരീതിയിലുള്ള ആർജ്ജവത്വമാണ് സംക്ഷിപ്തമായി മുകളിൽ വരച്ചു കാണിക്കുവാൻ ശ്രമിച്ചത്.

മഹാത്മാഗാന്ധിയെ മേൽ വിവരിച്ച നേതാക്കളുടെ ഇക്കാലത്തെ രീതികളുമായി തുലനം ചെയ്യുക അസാധ്യമാണ്. വാക്കും പ്രവൃത്തിയും തമ്മിൽ നൂറു ശതമാനം യോജിപ്പിച്ചുള്ള സുതാര്യമായ ജീവിതം ജനതക്ക് മുൻപിൽ ഗാന്ധിജി പ്രദർശിപ്പിക്കുകയുണ്ടായി. ഗാന്ധിജിയുടെ വീക്ഷണത്തിൽ സത്യവും അഹിംസയും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗവുമാണ്. അഹിംസയെന്നാൽ തന്നോട് തെറ്റു ചെയ്തവനോട്ക്ഷമിക്കുവാനുള്ള സന്നദ്ധതയും കൂടിയാണ്. സ്വജീവിതത്തിലെ പിഴവുകളും പരീക്ഷണങ്ങളും നമുക്ക് മുൻപിൽ അനാവൃതമാക്കി അത്രമാത്രം ലളിതമായി അദ്ദേഹം ജീവിച്ചു. അതുകൊണ്ടാണ് ആത്മകഥക്ക് 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്നു നാമകരണം ചെയ്യാൻ അദ്ദേഹത്തിനായത്. ഗാന്ധിയൻ ചിന്തയനുസരിച്ച് സത്യം എന്നാൽ ദൈവമാണ്.

സാമൂഹിക സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ ലളിത ജീവിതം നയിക്കണമെന്ന് ഗാന്ധിജി ഉറച്ചുവിശ്വസിച്ചു. പാശ്ചാത്യ വിദ്യാഭ്യാസം നേടി പാശ്ചാത്യ രീതി അവലംബിച്ചുവന്ന ഗാന്ധിജി ആ രീതി ത്യജിച്ചുകൊണ്ടായിരുന്നു ദക്ഷിണാഫ്രിക്കയിൽ വെച്ച് ലളിത ജീവിതത്തിന് തുടക്കമിട്ടത്. 'തന്നെത്തന്നെ പൂജ്യത്തിലേക്ക് താഴ്ത്തുക' എന്നാണ് അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്. ജീവിതം ലളിതമാക്കാനായി സ്വന്തം ആവശ്യങ്ങൾ പുനർനിർണ്ണയിച്ച് അനാവശ്യ ചെലവുകൾ ഒഴിവാക്കി. വസ്ത്രങ്ങൾ സ്വയം അലക്കുന്നതുവരെ അദ്ദേഹത്തിന്റെ ജീവിതചര്യകൾ എത്തിനിന്നു.

ബാക്കി പേജ് 8 ൽ

# ഇസ്രായേൽ-ഫലസ്തീൻ സംഘർഷം ഭാവിയെന്ത്...?



✍ മുസ്തഫ വാക്കാലൂർ

അമേരിക്കയുടെയും ബ്രിട്ടന്റെയും യൂറോപ്യൻ രാജ്യങ്ങളുടെയും ആശീർവാദത്തോടെ പിറവിയെടുത്ത സയണിസ്റ്റ് അധിനിവേശ രാജ്യമായ ഇസ്രായേലിന് നേർക്ക് 2023 ഒക്ടോബർ ഏഴിന് ഫലസ്തീൻ വിമോചന പോരാളികളായ ഹമാസും കൂട്ടരും 'തൂഫാൻ അൽഅഖ്സ' എന്ന പേരിൽ അപ്രതീക്ഷിത കടന്നാക്രമണം നടത്തുകയുണ്ടായി. അതോടുകൂടി ഇസ്രായേൽ രാജ്യം ഗാസക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. അതിക്രൂരമായ പ്രിതികാര നടപടികളിലേക്ക് ഇസ്രായേൽ കടന്നു. ഒരു വർഷം പിന്നിടുമ്പോൾ അതിന്റെ ഭീകരത ഇങ്ങനെ സംഗ്രഹിക്കാം: ഓരോ മണിക്കൂറിലും ഗാസയിൽ 42 ബോംബുകൾ വർഷിച്ചു കൊണ്ടിരിക്കുന്നു; 15 പേർ വീതം കൊല്ലപ്പെടുന്നു; 32 പേർക്ക് പരിക്കേൽക്കുന്നു.

കൊല്ലപ്പെട്ട ഫലസ്ഥീനികളുടെ ആകെയെണ്ണം 42000. അതിൽ കുട്ടികൾ 17000. ഒരു വർഷം കൊണ്ട് ഇത്രയധികം കുട്ടികൾ കൊല്ലപ്പെടുന്ന ആദ്യ യുദ്ധഭൂമിയായി ഗാസ മാറി. 20,000 കുട്ടികൾ അനാഥരായി. ആയിരത്തിലേറെ അംഗവൈകല്യമുള്ള പിഞ്ചു കുഞ്ഞുങ്ങൾ. കൊല്ലപ്പെട്ടവരിൽ 3000 കുട്ടികൾ രണ്ട് വയസ്സിന് താഴെ മാത്രം പ്രായമുള്ളവർ. യുദ്ധം 23 ലക്ഷം ഗാസക്കാരിൽ ലക്ഷത്തെയും അഭയാർത്ഥികളാക്കി. ഒരു ലക്ഷത്തോളം പേർക്ക് ഗുരുതരമായി പരിക്കേറ്റു. പതിനായിരങ്ങളെ കാണാതായി. കൊല്ലപ്പെട്ടവരിൽ 1,000 ത്തോളം മെഡിക്കൽ ജോലിക്കാർ, 174 ജേർണലിസ്റ്റുകൾ. ഫലസ്തീൻ അഭയാർത്ഥികൾക്കായുള്ള യുഎൻ ഏജൻസിയുടെ 207 അംഗങ്ങൾ കൊല്ലപ്പെട്ടു. ഗാസയിലെ 90% മനുഷ്യരും കുടിയിറക്കപ്പെട്ടു. ഒരുവർഷമായി പട്ടിണിയുടെ തോത് 96%.

അൽഖസാം ബ്രിഗേഡ്സ് ഹമാസിന്റെ സായുധ വിഭാഗമാണ്. അവരാണ് ഒക്ടോബർ ഏഴിന് പുലർച്ചെ 6.30ന് മുപ്പതോളം വഴികളിലൂടെ ഇസ്രാഈലിനുള്ളിലേക്ക് കയറിയത്. 20 മിനുട്ട് കൊണ്ട് 5000 റോക്കറ്റുകളാണ് ഹമാസ് തൊടുത്തുവിട്ടത്. ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ ഇസ്രായേൽ പ്രതിരോധ സംവിധാനമായ അയേൺ ഡോമിന് സാധിച്ചില്ല. 6,000 പോരാളികൾ കോൺക്രീറ്റ് മതിലുകൾ തകർത്തും എലെക്ട്രിക് വേലികൾ പൊളിച്ചും മോട്ടോർ ഘടിപ്പിച്ച പാരാഗ്ലൈഡുകൾ വഴിയും മെഡിറ്ററേനിയൻ കടലിലൂടെയും അതിർത്തി ഗ്രാമങ്ങളിലേക്ക് ഇരച്ചു കയറി. ഇസ്രാഈലിന്റെ സെക്യൂരിറ്റി സംവിധാനത്തെ

ബാക്കി പേജ് 8 ൽ




Darshanam Magazine | Printed&Published by: KMCC Kuwait | Chief Editor: Farooq Hamadani | Sub Editors: Azeez Thikkodi - Ismail Valliyoth - Mishab Madambillath
Media & Marketing: Shahul Beypore & Habibulla Muttichur | Design&Layout: CactusMedia, Kozhikode

DARSHANAM MAGAZINE
കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം
2024 ഒക്ടോബർ

എഡിറ്റോറിയൽ

# പശ്ചിമേഷ്യയിൽ പുകയുന്ന യുദ്ധ ഭീതി

✍ ഫാറൂഖ് ഹമദാനി



ഇസ്രായേൽ-ഇറാൻ സംഘർഷം പശ്ചിമേഷ്യയെ യുദ്ധ ഭീതിയിലാക്കിയിരിക്കുന്നു. ഇസ്രായേലിന്റെ കടന്നുകയറ്റ ആക്രമണങ്ങൾക്ക് യു എസ് നൽകുന്ന പിന്തുണയും അന്താരാഷ്ട്ര സമൂഹം പുലർത്തുന്ന മൗനവും അപകടകരമായ മഹായുദ്ധത്തിലേക്ക് നയിച്ചേക്കുമോ എന്ന ആശങ്കയിലാണ് ലോകം. പശ്ചിമേഷ്യയുടെ രാഷ്ട്രീയം അസന്തുലിതമാകുന്നത് മേഖലയിലെ രാഷ്ട്രങ്ങൾ ആശങ്കയോടെയാണ് കാണുന്നത്. ഇറാൻ തകർന്ന് ഇസ്രയേലിന്റെ അപ്രമാദിത്വം ഉണ്ടാകുന്നത് മേഖലയിലെ ശാക്തിക സന്തുലിതാവസ്ഥയെ തകർക്കും. ഇത് അറബ് രാഷ്ട്രങ്ങളെ പ്രതികൂലമായി ബാധിക്കും. അതോടൊപ്പം ഇറാന്റെ അസാധാരണ വളർച്ചയും അറബ് രാഷ്ട്രങ്ങൾക്ക് ഭീഷണിയാണ്. മേഖലയിൽ രാഷ്ട്രീയ തൽസ്ഥിതി നിലനിൽകണമെന്നാണ് ഗൾഫ് രാജ്യങ്ങൾ ആഗ്രഹിക്കുന്നത്.

യുദ്ധമുണ്ടായാൽ അതിൻറെ ദുരിതം ഗൾഫ് രാജ്യങ്ങളെയാകെ ബാധിക്കും. ഗൾഫ് ഉൾക്കടൽ വഴിയുള്ള ഗതാഗതം ശ്രമകരമായി തീരും. ഇത് വഴിയുള്ള നാവിക-വ്യോമ ഗതാഗതം തടസ്സപ്പെടാനുമിടയുണ്ട്. കുവൈത്ത്, ബഹ്റൈൻ, ഖത്തർ, സൗദിയുടെ കിഴക്കൻ പ്രവിശ്യകൾ, യു എ ഇ, ഒമാൻ എന്നീ രാജ്യങ്ങളുടെ ഗൾഫ് ഉൾക്കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തെ യുദ്ധം ബാധിക്കും. എണ്ണ വ്യാപാരം സുഗമമായി നടക്കാത്ത സാഹചര്യം ഉണ്ടായാൽ എണ്ണ പ്രധാന റവന്യൂ വരുമാനമായ രാജ്യങ്ങളുടെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചേക്കും. ഭക്ഷ്യ ഉൽപ്പന്നങ്ങൾ അടക്കമുള്ള നിത്യോപയോഗ സാധനങ്ങൾക്കടക്കം ക്ഷാമം നേരിട്ടേക്കാം.

ഇറാന് തൊട്ടടുത്തുള്ള രാജ്യം എന്ന നിലക്ക് യുദ്ധക്കെടുതികൾ ഏറെ ബാധിക്കുന്നത് കുവൈത്തിനെയായിരിക്കുമെന്ന ആശങ്കയുണ്ട്. ഇറാന്റെ ആണവ റിയാക്ടറുകൾ അക്രമിക്കപ്പെടുകയാണെങ്കിൽ സ്ഥിതി ഭയാനകമായിരിക്കും. ഇറാനിൽ നിന്നും റേഡിയോ ആക്റ്റീവ് മേഘങ്ങൾ കുവൈത്തിലെത്താൻ മണിക്കൂറുകൾ മതിയാകും. ഇറാന്റെ പ്രത്യാക്രമണം ഇസ്രായേലിലേക്ക് മാത്രമായിരിക്കില്ലെന്നാണ് കണക്കാക്കുന്നത്. ഇസ്രയേലിനെ പിന്തുണക്കുന്ന അമേരിക്കൻ കേന്ദ്രങ്ങളും ആക്രമിക്കപ്പെടും. കുവൈത്തടക്കമുള്ള രാജ്യങ്ങളിൽ അമേരിക്കൻ സൈനിക താവളങ്ങളുണ്ട്. അവിടെങ്ങളിലേക്ക് ഇറാൻ മിസൈൽ യുദ്ധം നടത്താനിടയുണ്ട്. ഇത് മേഖലയെ വലിയ നാശത്തിലേക്ക് നയിച്ചേക്കുമെന്ന ആശങ്കയിലാണ് രാഷ്ട്രീയ നിരീക്ഷകർ.

യുദ്ധം ഒഴിവാക്കാനുള്ള വഴികളാണ് ജി സി സി രാഷ്ട്രങ്ങളുടെ നേതൃത്വങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒക്ടോബർ -16 ന് ബ്രസൽസിൽ നടന്ന ജി സി സി - യൂറോപ്പ്യൻ യൂണിയൻ ഉച്ചകോടിയടക്കം യുദ്ധ ഭീതി ഒഴിവാക്കാനുള്ള നയതന്ത്ര ചർച്ചകൾക്ക് അവസരമാക്കിയതാണ് വിവരം. പശ്ചിമേഷ്യയിൽ ഉരുണ്ടുകൂടുന്ന യുദ്ധമേഖങ്ങൾ നയതന്ത്ര നീക്കങ്ങളിലൂടെ അലിഞ്ഞകലുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.






കവിത

# തിരിച്ചു നടക്കുന്നവർ

✍ ബിനു ഇടപ്പാവൂർ



പിറകോട്ടു നടന്ന് നടന്ന്
നാം എത്തുക മരിച്ചവരുടെ ഭൂതകാലത്തേക്കാണ്.
കൂടെ തകർക്കപ്പെട്ട സ്മാരകങ്ങളും
രാജ്യങ്ങളും ഉയർത്തെഴുന്നെൽക്കപ്പെടും.
അകാലത്തിൽ മരിച്ച അമ്മാവൻ
ജീർണിച്ച വീടിന്റെ തിണ്ണയിലിരുന്ന്
വെയ്ക്കാൻ പോകുന്ന രണ്ടുനില വീടിന്റെ
രൂപരേഖ വരയ്ക്കുന്നു.
മക്കൾ അടുത്തിരുന്ന് മുറികൾക്ക് വേണ്ടി
അടിപിടി കൂടുന്നു.
അമ്മാവൻ രൂപരേഖ മാറ്റിക്കൊണ്ടേയിരുന്നു.

ഭൂഗോളത്തിൽ നിന്നും ഓടിപ്പോയ രാജ്യം
കടലിനെ വകഞ്ഞുമാറ്റി തിരികെ
ഭൂപടത്തിൽ കയറിയിരുന്ന് യുദ്ധം പ്രഖ്യാപിക്കുന്നു.
കടൽ ശാന്തമായി കരയെ പ്രണയിക്കുന്നു .

തകർക്കപ്പെട്ട സ്മാരകങ്ങൾ
ഉയർത്തെഴുന്നേറ്റു
തനിക്കുമുകളിൽ കൂടുക്കൂട്ടിയിരുന്ന
പ്രാവുകളെ തിരയുന്നു .
സഞ്ചാരികൾ പ്രാവിനെ കല്ലെറിയുന്നു.

ഞാനിപ്പോൾ മുന്നോട്ട് നടക്കുന്നു .
പിന്നോട്ടു പോയാൽ
ഞാനെന്നെ മറന്നുപോയാലോ ?



ദർശനം
DARSHANAM MAGAZINE
കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം
2024 ഒക്ടോബർ

കഥ

# ദുരന്തത്തിന്റെ ബാക്കി

✍️ ഷബ്ന ബിൻത് ഹംസ



കണ്ണ് തുറന്ന് നോക്കുമ്പോൾ മുകളിൽ പതിയെ കറങ്ങുന്ന ഫാൻ. ചുറ്റിലും ആളുകളുടെ ശബ്ദം. തലയുടെ ഭാഗത്തുള്ള മുറിവിൽ വേദനയുണ്ട്. അവൻ തല മെല്ലെ ചെരിച്ചു ചുറ്റുമൊന്ന് കണ്ണോടിച്ചു. അടുത്തടുത്തായി കുറേ ബെഡുകൾ അതിലെല്ലാം മുറിവ് പറ്റിയവരും മറ്റുമായി കുറെ ആൾക്കാർ. ഒരു ആസ്പത്രിയിലാണ് താനെന്ന് അവന് മനസ്സിലായി.

"അപ്പൊ ഇന്നലെ രാത്രി എനിക്ക് എന്താ പറ്റിയേ."

"ആ മോൻ എണീറ്റു ട്ടോ..."

അടുത്ത കട്ടിലിന്റെ അടുത്ത് നിന്ന രണ്ട് പേര് വന്നു. "ഇപ്പോൾ എങ്ങനുണ്ട്. കുഴപ്പൊന്നുല്ലല്ലോ?"

അവൻ ഇല്ലെന്നു തലയാട്ടി. അവൻ എന്തോ ചോദിക്കാൻ തുടങ്ങും മുമ്പ് അവർ ദ്രുതിയിൽ നടന്നു പോയി.

അവൻ ഓർക്കാൻ ശ്രമിച്ചു. അന്നവൻ പതിവിലും നേരത്തെ കിടന്നിരുന്നു. പുറത്തെ നല്ല മഴയും കാറ്റും കാരണം വീട്ടിൽ എല്ലാരും നേരത്തെ കിടന്നു. ഉറക്കത്തിൽ പെട്ടന്ന് ഇക്കാക്കയുടെ വിളി കേട്ട് അവൻ ചാടി എണീറ്റു. അവൻ ഇക്കാക്കൊപ്പം മുകളിലത്തെ മുറിയിലായിരുന്നു കിടന്നത്. അവൻ നോക്കുമ്പോൾ ഇക്കാക്ക അവനെയും എടുത്ത് ഓടുകയായിരുന്നു. മങ്ങിയ വെളിച്ചത്തിൽ അവൻ താഴെക്ക് നോക്കിയപ്പോ കലങ്ങി മറിഞ്ഞ വെള്ളത്തിലൂടെ ഓടാൻ പാടുപെടുകയാണ് അവന്റെ ഇക്കാക്ക. അവൻ ഇക്കാക്കയെ മുറുക്കി പിടിച്ചു. ഉറക്കെ കരയാൻ തുടങ്ങി. "ഉമ്മാ... ഉപ്പാ... "

പെട്ടന്ന് ഒരു മരത്തടി വന്നു അവരെ രണ്ടു പേരെയും തമ്മിലകറ്റി. അതിനപ്പുറം ഒന്നും ഓർമ വരുന്നില്ല.

അവൻ മെല്ലെ കരയാൻ തുടങ്ങി "ഉമ്മാ... ഉപ്പ..."

അവന്റെ കരച്ചിൽ കേട്ട് അടുത്തിരുന്നവർ വന്നു അവനെ ആശ്വസിപ്പിച്ചു. മോൻ കരയണ്ട, അവർ ഇപ്പോൾ വരും കേട്ടോ.

"ഷാഹിദെ."

ആ വിളി കേട്ടവൻ തിരിഞ്ഞു നോക്കി..

"ഡാ ... സിനാൻ.."

അടുത്ത കട്ടിലിൽ അവന്റെ കൂടെ മൂന്നാം ക്ലാസ്സിൽ പഠിക്കുന്ന സിനാൻ ആയിരുന്നു.

അവനെ കണ്ടപ്പോ കുറച്ചു ആശ്വാസമായി.

"സിനാനെ. എന്റെ ആരെയും ഇവിടെ കാണുന്നില്ലാടാ. എനിക്ക് എന്റെ ഉമ്മാനേം ഉപ്പനേം ഇക്കാനെ ഒക്കെ കാണണം ഡാ."

"അവരൊക്കെ വരും മോനെ... നീ കരയല്ലേ." സിനാൻറെ ഉമ്മ ഷാഹിദിനെ ആശ്വസിപ്പിച്ചു.

അവൻ ക്ഷീണം കൊണ്ട് വീണ്ടും ഉറക്കിലേക്ക് വഴുതി.

."ഉമ്മാ. അവന്റെ ഉമ്മയെയും ഉപ്പയെയും കിട്ടിയില്ലേ."

"ഇല്ലടാ... ഇനിയും എത്ര പേരെ കിട്ടാനുണ്ട് എന്ന് പോലും അറിയൂല... നമ്മളൊക്കെ ഭാഗ്യം കൊണ്ടാ രക്ഷപെട്ടെ"

"സിനാനെ... മോനെ" ഉമ്മയുടെ പതിയെ ഉള്ള ശബ്ദം കേട്ടാണ് അവൻ കണ്ണ് തുറന്നത്. "എന്തു പറ്റി ഉമ്മാ."

"മോനെ ഇന്ന് നാലഞ്ച് ബോഡി കിട്ടിന്ന പറയണേ അതിൽ നമ്മളെ ഷാഹിദിന്റെ ഉപ്പയുടേം ഉമ്മയുടേം ഉണ്ടെന്ന പറയണേ...അവന്റെ ബന്ധുക്കൾ തിരിച്ചറിഞ്ഞു. കബറടക്കം കഴിഞ്ഞു. അവന്റെ ഇക്കാക്കനെ കിട്ടീട്ടില്ല".

ഷാഹിദ് നല്ല ഉറക്കത്തിലായിരുന്നു.

പിറ്റേ ദിവസം അവൻ ഉഷാറായി ഇരിക്കാൻ തുടങ്ങി. വീട്ടിൽ പോണം ഉമ്മാനേം ഉപ്പനേം ഇക്കനേം കാണണം എന്നുപറഞ്ഞ് വാശിപിടിക്കാൻ തുടങ്ങി.

"നമുക്ക് ഇന്ന് പോവാം ട്ടോ". കേൾക്കേണ്ട താമസം അവൻ ബെഡിൽ നിന്നും ചാടി ഇറങ്ങി.


അവൻ സിനാനോട് ചിരിച്ചുകൊണ്ട് പറഞ്ഞു. "ഞാൻ എന്റെ വീട്ടിൽ പോവാടാ".

എന്ത് പറയണമെന്നറിയാതെ ഈറൻ മിഴികളോടെ ആസ്പത്രിയിലുള്ളവർ ആ കുഞ്ഞിനെ നോക്കി നിന്നു.

# ഖാഇദെ മില്ലത്ത്: കനൽ പഥങ്ങളിലെ കാവലാൾ



✍️ ഇസ്മായിൽ വള്ളിയോത്ത്




**ബ**ഹുസ്വര സമൂഹത്തിൽ സ്വന്തം അസ്ഥിത്വം ഉയർത്തിപ്പിടിച്ച് രാജ്യത്തെ ന്യൂനപക്ഷ സമൂഹത്തെ രാഷ്ട്ര വിചാരങ്ങളിലേക്കും കൈകാര്യങ്ങളിലേക്കും ആത്മാഭിമാനത്തോടെ കൈ പിടിച്ചുയർത്തിയ ക്രാന്ത ദർശിയായ ജന നായകന്റെ പേരാണ് ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്. നല്ല രാഷ്ട്രീയ നേതാവ് എങ്ങനെയാകണം എന്ന ചോദ്യത്തിന്റെ ഏറ്റവും ലളിതമായ ഉത്തരവും പുതുതലമുറയിലെ രാഷ്ട്രീയ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകവും കൂടിയാണ് അദ്ദേഹത്തിന്റെ ജീവിതം. കക്ഷി ഭേദമന്യെ സർവരാലും അംഗീകരിക്കപ്പെടുന്നവരായിരിക്കണം മുസ്ലിംലീഗ് പ്രവർത്തകരെന്ന് ജീവിതംകൊണ്ട് മാതൃക കാണിച്ച ധിഷണാശാലിയായ ആ മഹാ മനീഷി, കാലമെത്ര കടന്നുപോയാലും വിപുലമായി ഓർമ്മിക്കപ്പെടുന്നതും വായിക്കപ്പെടുന്നതും അതുകൊണ്ടാണ്.

തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ ഒരു വസ്ത്ര വ്യാപാരി കുടുംബത്തിൽ 1896 ജൂൺ അഞ്ചിനായിരുന്നു ഖാഇദെ മില്ലത്ത് ജനിച്ചത്. കല്ലും മുള്ളും നിറഞ്ഞ കനൽ വഴികളിലൂടെ സഞ്ചരിച്ച് പിൽകാലത്ത് ഒരു സമൂഹത്തിന്റെ അനിഷേധ്യ നേതാവായി മാറിയതിനു പിന്നിൽ ത്യാഗവും സമർപ്പണവും കറപുരളാത്ത ജീവിത വിശുദ്ധിയുമുണ്ട്. തിരുനെൽവേലിയിലെ സി.എം.എസ് കോളജ്, എം.ഡി.ടി ഹിന്ദു കോളജ്, ട്രിച്ചിയിലെ സെന്റ് ജോസഫ് കോളജ്, മദ്രാസ് ക്രിസ്ത്യൻ കോളജ് എന്നിവിടങ്ങളിൽ നിന്നായി വിദ്യാഭ്യാസം പൂർത്തിയാക്കി. ബാല്യ കാലത്ത് തന്നെ മുസ്ലിംകളുടെ ഉന്നമനത്തിനായുള്ള കൂട്ടായ്മക്ക് നേതൃത്വം നൽകിയ ഖാഇദെ മില്ലത്ത്, പതിമൂന്നാമത്തെ വയസിൽ 1909 ൽ സമപ്രായക്കാരോടൊപ്പം ചേർന്ന് തിരുനൽവേലിയിൽ യംഗ് മുസ്ലിം സൊസൈറ്റി രൂപീകരിച്ചു. 1918 ൽ മുസ്ലിം പണ്ഡിതന്മാരുടെ കൂട്ടായ്മയായ മജ്ലിസുൽ ഉലമ എന്ന സംഘടനക്കു നേതൃത്വം നൽകി. 1936 ൽ ആൾ ഇന്ത്യാ മുസ്ലിം ലീഗിൽ ചേർന്നു. 1945ൽ മുസ്ലിംലീഗിന്റെ മദ്രാസ് പ്രവിശ്യാ പ്രസിഡന്റായി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ലീഗിന്റെ നിലനിൽപ്പിനെ കുറിച്ചും പ്രസക്തിയെക്കുറിച്ചുള്ള ഒട്ടേറെ ഗഹനമായ ചർച്ചകൾക്കൊടുവിൽ 1948 മാർച്ച് 10ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പിറക്കുമ്പോൾ അതിന്റെ പ്രഥമ പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ടു. മരണം വരെ അദ്ദേഹം പദവിയിൽ തുടർന്നു.

1946 മുതൽ 1952 വരെ ഭരണ ഘടന നിർമ്മാണ സഭയിലും മദ്രാസ് സ്റ്റേറ്റ് ലെജിസ്ലേറ്റീവ് അസ്സംബ്ലിയിലും അംഗമായിരുന്നു. 1952ലാണ് രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1958 വരെ ഈ പദവിയിൽ തുടർന്നു. 1962 മുതൽ 1972വരെ മഞ്ചേരി മണ്ഡലത്തെ പ്രതിനിധീകരിച്ച് ലോക്സഭാംഗമായി.

പതിത-പീഡിത ജനസമൂഹത്തിന് അഭിമാനകരമായ അസ്ഥിത്വ ബോധം പകർന്ന് നൽകി പ്രതീക്ഷയുടെ പുതു ലോകത്തേക്കവരെ കൈപിടിച്ചുയർത്താൻ മരണവരെ നിലകൊണ്ടു. മികച്ച പാർലമെന്റേറിയനും ഇന്ത്യൻ ഭരണഘടനയുടെ ശിൽപികളിലെ പ്രധാനിയുമായി ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ തലയെടുപ്പോടെ നിറഞ്ഞു നിൽക്കുമ്പോഴും, ജനസേവനം ദൈവ പ്രീതിക്കു വേണ്ടി മാത്രമായികണ്ടിരുന്ന രാഷ്ട്രീയ നേതാക്കൾക്കിടയിലെ സാത്വികനായിരുന്നു അദ്ദേഹം.

സ്വതന്ത്ര ഇന്ത്യയിലുണ്ടായ കലുഷിതമായ രാഷ്ട്രീയ സാഹചര്യത്തിൽ മുസ്‌ലിംലീഗ് എന്ന പേരിൽ തന്നെ പ്രവർത്തിക്കുന്നത് ആശങ്കയോടെ കണ്ടിരുന്ന ചില നേതാക്കൾ ഖായിദെ മില്ലത്തിനെ കാണാൻ ചെന്നു. പോലീസ് നരനായാട്ട് അത്ര ഭീകരമായിരുന്നു. പുനഃസംഘടിപ്പിച്ച മുസ്ലിംലീഗിൽ ചേർന്നവരെയൊക്കെ ഭരണകൂടം അതി ക്രൂരമായി വേട്ടയാടികൊണ്ടിരുന്നു. ലീഗ് അനുഭാവികളുടെ വീട്ടിൽ പോലും പോലീസ് കയറി നിരങ്ങികൊണ്ടിരിന്ന കാലം. "പേരിലെ മുസ്ലിം എന്നത് നമുക്ക് മാറ്റിക്കൂടെ? എങ്കിൽ നമുക്ക് കുറേകൂടി സ്വതന്ത്രമായി പ്രവർത്തിക്കാമല്ലോ" ഖാഇദെ മില്ലത്ത് പറഞ്ഞു : "നിങ്ങൾക്ക് വേണമെങ്കിൽ പാർട്ടിവിടാം, ഈ പേരും അടയാളവും വെച്ചുതന്നെ നമ്മൾ മുന്നോട്ട് പോവും. ഇതൊരു മുൾക്കിരീടമാണ്, അതവസാനം വരെയും ചുമന്ന് കൊള്ളാൻ ഞാനൊരുക്കമാണ്."

ഭീഷണികളെയും പ്രലോഭനങ്ങളെയും അതിജീവിച്ച്, അഗ്നിപരീക്ഷണങ്ങളെ ഭേദിച്ച്, ആത്മാഭിമാനത്തിന്റെ പതാകയുമായി ഒരു സമൂഹത്തിനു ആത്മവിശ്വാസത്തിന്റെ കരുത്തുനൽകാൻ കഴിഞ്ഞ ഇതിഹാസ പുരുഷനായിട്ടാണ് ആധുനിക ഇന്ത്യയുടെ നവോത്ഥാന ചരിത്രത്തിൽ ഖായിദെ മില്ലത്തിനെ അടയാളപ്പെടുത്തുന്നത്. ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ പ്രസക്തിയെക്കുറിച്ചും അതിൻറെ നിലനിൽപിൻറെ അനിവാര്യതയെക്കുറിച്ചും ബോധ്യപ്പെടുത്തി അദ്ദേഹം നടത്തിയ കൃത്യമായ ഇടപെടലുകളുടെ ഫലമാണ് നമ്മളിന്നനുഭവിക്കുന്ന രാഷ്ട്രീയവും സാമൂഹികവുമായ അഭിമാനകരമായ സൗഭാഗ്യമെന്നത് പലപ്പോഴും വിസ്മരിക്കപ്പെടുന്നുണ്ട്.

ആശയസമ്പുദ്ധവും ഗഹനവുമായ കാഴ്ചപ്പാടുകൾ അടങ്ങിയ അദ്ദേഹത്തിൻറെ പ്രഭാഷണങ്ങളിലധികവും ഊന്നിപ്പറഞ്ഞിരുന്നത് സമൂഹത്തിലെ ആശയറ്റവരുടെ അടിസ്ഥാനപരമായ പുരോഗതിയെ കുറിച്ചായിരുന്നു. പിന്നോക്ക അധഃസ്ഥിത വിഭാഗങ്ങളുടെ സാമൂഹിക ജീവിതാവസ്ഥയെ സമഗ്രമായി വിശകലനം ചെയ്തു കൊണ്ട് 1948 നവംബർ 30 നു രാജ്യത്തിൻറെ ഭരണ ഘടന നിർമ്മാണ സഭയിൽ ഖാഇദെ മില്ലത്ത് നടത്തിയ പ്രഭാഷണം ചരിത്ര പ്രസിദ്ധമാണ്.

''ഇവിടെ മുസ്ലിംകളും ക്രൈസ്തവരും പിന്നാക്കാവസ്ഥയിലാണ് ജീവിക്കുന്നത്. പട്ടിക വിഭാഗക്കാരെ കുറിച്ച് പറയുകയും വേണ്ട. ഈ വിഭാഗങ്ങൾക്കെല്ലാം ഉദ്യോഗങ്ങളിൽ മതിയായ പ്രാതിനിധ്യം ഇനിയും ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന മുസ്ലിം-ക്രൈസ്തവ-പട്ടിക ജാതിക്കാർക്ക് എല്ലാ മേഖലകളിലും മതിയായ പ്രതിനിധ്യം ഉറപ്പുവരുത്തും വിധം ഭരണഘടനയിലെ മൗലികാവകാശ വകുപ്പുകളിൽ തന്നെ വിഷയം ഉൾക്കൊള്ളിക്കേണ്ടതാണ്. സംവരണം, പ്രത്യേക അവകാശങ്ങൾ എന്നൊക്കെ പറയുമ്പോൾ തന്നെ അതിനെതിരെ വർഗീയവാദം ആരോപിക്കുന്നു. ജനം അവരുടെ അവകാശങ്ങൾ ചോദിക്കുമ്പോൾ അത് വർഗീയമായി ചിത്രീകരിക്കുന്നത് ശരിയല്ല.''

സംവരണവും മതിയായ പ്രതിനിധ്യവും ഉറപ്പുവരുത്താത്ത കാലത്തോളം ന്യുനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ പുരോഗതി തീർത്തും അസാധ്യമാണെന്ന ഖാഇദെ മില്ലത്തിന്റെ ദീർഘവീക്ഷണമുള്ള നിലപാടുകൾ സംവരണവുമായി ബന്ധപ്പെട്ടുള്ള രാഷ്ട്രീയ കോലാഹലങ്ങൾ അതിരുകടക്കുന്ന വർത്തമാന രാഷ്ട്രീയ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്.

ബാക്കി പേജ് 4 ൽ

DARSHANAM MAGAZINE
കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം
2024 ഒക്ടോബർ

# ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ പ്രസക്തി



✍ കോയ വളപ്പിൽ

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഖായിദേ മില്ലത്തിനോട് പറഞ്ഞു:
"പ്രിയപ്പെട്ട മിസ്റ്റർ ഇസ്മായിൽ, മുസ്ലീം ലീഗിനെ സ്വതന്ത്ര ഇന്ത്യയിൽ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങളിൽ നിന്നും താങ്കൾ പിന്തിരിയണം. സ്വതന്ത്ര ഭാരതത്തിന് ശക്തമായ ഒരു ഭരണഘടന നിലവിൽ വരികയാണ്. ഇതിന് കീഴിൽ ഈ രാജ്യത്തെ എല്ലാ പൗരന്മാരും സുരക്ഷിതരായിരിക്കും. എല്ലാ മതവിഭാഗത്തിനും അവരവരുടെ വിശ്വാസം അനുസരിച്ച് ജീവിക്കാൻ സാധിക്കും. ഏറ്റവും ചെറിയ വിഭാഗത്തിന് പോലും ഒരു വിവേചനവും അനുഭവിക്കേണ്ടി വരില്ല"

ഖായിദേ മില്ലാത്തിന്റെ ശാന്തമായ മറുപടി:
"പ്രിയപ്പെട്ട നെഹ്റുജീ, ഇന്ത്യൻ ഭരണഘടനയുടെ അന്ത:സ്സത്തയിലോ, താങ്കളുടെ നീതിബോധത്തിലോ ഞങ്ങൾക്ക് അശേഷം സംശയങ്ങളില്ല. എന്നാൽ എല്ലാ കാലവും ഈ രാജ്യം താങ്കൾ തന്നെ ഭരിക്കുമെന്ന് കരുതാൻ വയ്യല്ലോ. ഭരണഘടന ഒരു സ്വയം പ്രവർത്തിക്കുന്ന സംവിധാനവും അല്ലല്ലോ. നാളെ ഈ രാജ്യത്തിന്റെ അധികാരസ്ഥാനത്തിരിക്കുന്നവർ ഈ ഭരണഘടന അനുശാസിക്കും വിധം ഭരിക്കാതിരിക്കുകയും, അവിടെ എന്റെ സമുദായത്തിന് അഭിമാനത്തോടെ ജീവിക്കാൻ പ്രയാസമുണ്ടാവുകയും ചെയ്താൽ, അവർക്ക് വേണ്ടി വാദിക്കാൻ ഒരു സംഘടന വേണമല്ലോ. അതുകൊണ്ട് ഈ സംഘടനയെ എന്ത് ത്യാഗം സഹിച്ചും നില നിർത്തും."



ഖായിദേ മില്ലത് മുഹമ്മദ് ഇസ്മായിൽ സാഹിബും കെ എം സീതി സാഹിബും ഭരണഘടന അനുവദിക്കുന്ന അവകാശം ഉപയോഗപ്പെടുത്തി, രാജ്യത്തെ പ്രക്ഷുബ്ദമായ രാഷ്ട്രീയ സാഗരത്തിലേക്ക് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എന്ന നൗകയെ ഇറക്കി വിടുകയാണ്. കലഹങ്ങളും കലാപങ്ങളും പോരാട്ടങ്ങളും മൂലം ഒരു ജനതയുടെ അന്തസ്സുറ്റ ജീവിതത്തിന്റെ ശവപ്പറമ്പായി മാറിയ മലബാറിന്റെ ഭൂമികയിലേക്ക്. പോരാട്ടത്തിന്റെ കെടുതിയിൽ സാമൂഹികമായി പിന്തള്ളപ്പെട്ടുപോയ ജനതയുടെ ഉയിർത്തെഴുന്നേല്പ് ലക്ഷ്യം വെച്ച് നേതാക്കൾ ഓരോരുത്തരായി ഈ നൗകയുടെ നായകത്വത്തിലേക്ക് കയറി. സംഘടിച്ച് ശക്തരാകുവാനും വിദ്യ നേടി ഉൽകൃഷ്ടരാകുവാനുമുള്ള പടപ്പാട്ടുമായി അവർ സമൂഹത്തിലിറങ്ങി. സമുദായം നേതാക്കളിൽ വിശ്വാസമർപ്പിച്ചു.

ഭരണ പങ്കാളിത്തം, സ്പീക്കർ പദവി, മന്ത്രി സ്ഥാനങ്ങൾ, ഉപമുഖ്യമന്ത്രി, മുഖ്യമന്ത്രി, കേന്ദ്ര മന്ത്രി തുടങ്ങി ഭരണഘടനാ അധികാര സ്ഥാനങ്ങൾ മുസ്‌ലിംലീഗിനെ തേടിയെത്തി. പിന്നോക്ക പ്രദേശങ്ങളിൽ മാപ്പിള എൽ പി സ്കൂളുകൾ സ്ഥാപിക്കുന്നതിൽ നിന്ന് തുടങ്ങി കാലിക്കറ്റ് സർവ്വകാല ശാല രൂപീകരണം വരെയെത്തി വിദ്യാഭ്യാസ മുന്നേറ്റം. കേരളത്തിലെ സർവകലാശാലകൾക്ക് പുറമെ അലിഗഡ്, ജാമിയമില്ലിയ്യ, ജെ എൻ യു, ഡൽഹി യൂണിവേഴ്സിറ്റി, ഹൈദരബാദ് യൂണിവേഴ്സിറ്റി പോലുള്ള ഇന്ത്യയിലെ ഉന്നത കലാലയങ്ങളിൽ മലബാറിൽ നിന്നുമുള്ള മുസ്ലിം പെൺകുട്ടികൾ പഠിക്കുന്നു. അവിടെങ്ങളിലൊക്കെ മുസ്ലിം ലീഗിന്റെ വിദ്യാർത്ഥി സംഘടനയായ എം എസ് എഫ് ശക്തവുമാണ്. മലപ്പുറം ജില്ലയുടെ രൂപീകരണവും മുസ്ലിം ലീഗിന്റെ രാഷ്ട്രീയ നേട്ടമാണ്.

ഖായിദേമില്ലത്ത് ആശങ്കപ്പെട്ടതുപോലെ രാജ്യഭരണം ഇന്ന് ഫാസിസ്റ്റ് ശക്തികളുടെ കൈകളിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. രാഷ്ട്രപിതാവിനെയും ഭരണഘടനാ ശില്പികളെയുമൊക്കെ അപകീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭരണഘടന ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.
ന്യൂനപക്ഷങ്ങളെ അപരവൽക്കരിച്ചുകൊണ്ട് അപമാനിക്കുന്നു. സവർണ്ണ വൽക്കരണത്തിന്റെ ശ്രമങ്ങളാണെവിടെയും. "ഈ രാജ്യത്തിന്റെ അധികാരസ്ഥാനത്തിരിക്കുന്നവർ ഈ ഭരണഘടന അനുശാസിക്കും വിധം ഭരിക്കാതിരിക്കുകയും, അവിടെ എന്റെ സമുദായത്തിന് അഭിമാനത്തോടെ ജീവിക്കാൻ പ്രയാസമുണ്ടാവുകയും ചെയ്താൽ, അവർക്ക് വേണ്ടി വാദിക്കാൻ ഒരു സംഘടന വേണമല്ലോ. അതുകൊണ്ട് ഈ സംഘടനയെ എന്ത് ത്യാഗം സഹിച്ചും നില നിർത്തും." ഖാഇദെ മില്ലത്ത് നെഹ്റുവിന് നൽകിയ ഈ മറുപടി ഏറ്റവും പ്രസക്തമായ കാലമാണിത്.

പേജ് 3 തുടർച്ച

## ഖാഇദെ മില്ലത്ത്: കനൽ പഥങ്ങളിലെ കാവലാൾ

1957 സെപ്റ്റംബർ 19 കാശ്മീർ പ്രശ്നം കത്തി നിൽക്കുന്ന കാലത്ത്, ഇന്ത്യൻ മുസ്‌ലിംകളുടെ ദേശ കൂറിനെച്ചൊല്ലി ദുരാരോപണങ്ങൾ വ്യാപകമായി പ്രചരിക്കുന്ന സന്ദർഭത്തിൽ രാജ്യസഭയിൽ ഖാഇദെ മില്ലത്ത് നടത്തിയ വൈകാരികമായ പ്രസംഗത്തിൽ ഇങ്ങനെ പറയുന്നുണ്ട്. "കശ്മീർ ഒരു ദേശീയ പ്രശ്നമാണ്. ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ നേതാവ് എന്ന നിലയിൽ ഇക്കാര്യം ഞാൻ പലതവണ ആവർത്തിച്ചിട്ടുണ്ട്. ദേശത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്തിന് ഏതൊരു ഭാഗത്ത് നിന്നും ആപത്ത് സംഭവിക്കാതെ നോക്കുന്നതിലും ഇന്ത്യയിലെ മുസ്‌ലിംകൾ മുൻനിരയിൽ തന്നെയുണ്ടാകും. നമ്മുടെ നാടിന് വിജയവും സുഭിക്ഷതയും ബലവും സന്തോഷവും അഭിമാനവും നൽകാൻ ഞാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു''. രാജ്യത്തിന്റെ ബഹുസ്വരമായ മാനവിക പൈതൃകത്തെ എന്ത് വിലകൊടുത്തും സംരക്ഷിക്കപ്പെടണമെന്ന് അസന്നിഗ്ധമായി പ്രഖ്യാപിക്കുകയായിരുന്നു ഖാഇദെ മില്ലത്ത്.
ഇന്ത്യയിലെ മുസ്‌ലിംകളുടെ അസ്ഥിത്വവും വ്യക്തിത്വവും സംരക്ഷിക്കാൻ സ്വത്വത്തെ ഉയർത്തിപ്പിടിച്ച് രാഷ്ട്രീയമായി സംഘടിക്കുക മാത്രമാണ് പരിഹാരമെന്ന് ഖാഇദെ മില്ലത്ത് നിരന്തരം പറഞ്ഞുകൊണ്ടേയിരുന്നു. "നിങ്ങൾ രാഷ്ട്രീയമായി സംഘടിക്കൂ. എങ്കിൽ മാത്രമേ നിങ്ങളുടെ വാക്കുകൾക്ക് വിലയുണ്ടാവുകയുള്ളൂ. അങ്ങിനെ വന്നാൽ അംഗീകാരങ്ങൾ നിങ്ങളെ തേടിയെത്തുക തന്നെ ചെയ്യും..."

1972 ഏപ്രിൽ അഞ്ചിന് പുലർച്ചെ മദ്രാസിലെ സ്റ്റാൻലി മെഡിക്കൽ കോളജിൽ വെച്ച് ആ വലിയ മനുഷ്യൻ ലോകത്തോട് വിടപറഞ്ഞു. അവഗണയുടെ പുറമ്പോക്കുകളിൽ എരിഞ്ഞൊടുങ്ങുമായിരുന്ന ഒരു ജനതയെ ക്രിയാത്മക രാഷ്ട്രീയത്തിന്റെ പ്രായോഗിക വഴികൾ ശീലിപ്പിച്ച്, അവരുടെ സ്വപ്നങ്ങൾക്ക് ഹരിതാഭ പകരാൻ ആയുസ്സർപ്പിച്ച ഖാഇദെ മില്ലത്തിന്റെ ജീവസ്സുറ്റ ദർശനം വെളിച്ചമായി എന്നും നിലനിൽക്കുക തന്നെ ചെയ്യും.

ഫുഡ് റെസിപ്പി

## വെജ് ലോലിപോപ്പ്



ജസ്നി ഷമീർ

ഉരുളക്കിഴങ്ങ് -1 വേവിച്ചു ഗ്രേറ്റ് ചെയ്തുവെച്ചത്
കാബേജ് - 1/2 കപ്പ് 2331-1
കാരറ്റ് - കാൽ കപ്പ് ചെറുതായി അരിഞ്ഞത്
ക്യാപ്സിക്കം - 1/3 കപ്പ്
കുരുമുളക് - 1 ടീ സ്പൂൺ
ജി ഷമീർ
കോൺഫ്ലോർ -2 ടേബിൾ
സ്പൂൺ
ബ്രഡ് പൊടി - 1 ടേബിൾ
സ്പൂൺ
ഉപ്പ് - ആവശ്യത്തിന്
എണ്ണ - ഫ്രൈ ചെയ്യാൻ ആവിശ്യത്തിന്

### ഉണ്ടാക്കുന്ന വിധം

ഒരു പാത്രത്തിൽ എല്ലാ ചേരുവക ളും നന്നായി മിക്സ് ചെയ്തു ചെറിയ ബോൾ പരുവത്തിൽ ഉരുട്ടുക. പാൻ ചൂടാക്കി ഓരോ ബോൾസ് ബ്രൗൺ കളർ ആകുന്ന വരെ ഫ്രൈ ചെയു ക. ഓരോ സ്റ്റിക്കിൽ ഫ്രൈ ചെയ്ത ബോൾസ് കുത്തി വെക്കുക. വെജ് ലോലിപോപ്പ് റെഡി.






# കടലാസുതോണി

ഫൈസൽ വിസ്മയ

കത്തുന്ന ചിന്തകൾക്കൽപം കുളിരുപകരാൻ അയാൾ മഴയിലേക്കിറങ്ങി നടന്നു. പുറത്ത് തുലാവർഷപെയ്ത്ത് 'ഒരുമുറൈവന്ത് പാർത്തായെ' നൃത്തം ചവിട്ടുകയാണ്. നിണ്ട മൂന്ന് വർഷത്തെ തുടർച്ചയായ പ്രവാസ വാസം. കൊറോണാ മഹാമാരിക്ക് ശേഷം, പ്രതിക്ഷകളസ്തമിച്ച മനസ്സുമായി ചിന്തകളുടെ ഭാണ്ഡകെട്ടുമായി മോഹങ്ങളൊന്നും ബാക്കിയില്ലാത്ത വന്ദേഭാരതിൽ തിരിച്ചുള്ള യാത്ര!

പ്രാണനു തുല്യം സ്നേഹിച്ചവൾ മറ്റൊരുത്തന്റെ കൂടെ പടിയിറങ്ങിപോയ സത്യം ഉൾകൊള്ളാനാവുന്നില്ല.അല്ലെങ്കിലും അവളെക്കുറ്റം പറഞ്ഞിട്ട് കാര്യമൊന്നുമില്ല. ഒരാണിൽ നിന്നും കിട്ടേണ്ട സ്നേഹവും, സുഖവും പരിചരണവും തനിക്ക് നൽകാനായില്ലല്ലോ. മധുവിധുവിന്റെ വർണ്ണങ്ങൾ വിരിയും മുൻപ് വിരഹം സമ്മാനിച്ച് അറബ് നാട്ടിലേക്ക് പറിച്ചെറിഞ്ഞതാണ് എന്നെ!. പൊള്ളുന്നചൂടിലേക്ക് പതുക്കെ താനും അലിഞ്ഞു ചേരുകയായിരുന്നല്ലൊ.

ജോലിതേടി അലഞ്ഞ ഇടങ്ങൾ, മനംമടുപ്പിക്കുന്ന കാഴ്ചകൾ, പഴികൾ, ഒറ്റപെടലിൽ കരഞ്ഞു തീർത്ത രാത്രികൾ,വിശപ്പ്, ഇടുങ്ങിയ മുറിക്കുള്ളിലെ കുടുങ്ങിയ ജീവിത സാഹചര്യങ്ങൾ അങ്ങനെ പള്ളിക്കൂടത്തിൽ പടിക്കാത്ത ഒരുപാട് പാഠങ്ങൾ. വീടെന്ന സ്വപ്നവും ജീവിതമെന്ന യാഥാർത്ഥ്യവും വിളക്കിചേർക്കാനുള്ള നെട്ടോട്ടത്തിനിടയിൽ തേടിയെത്തുന്ന അവളുടെ ഫോൺവിളികൾക്കുപോലും നല്ലവാക്ക്പറയാൻ തനിക്കു കഴിഞ്ഞതുമില്ല.

മനംമടുക്കുന്ന ഒറ്റപെടലിൽ മൂന്ന് വർഷമെന്ന നീണ്ട കാലയളവിൽ അവളനുഭവിച്ച വേദനകൾ ചെറുതല്ലന്നറിയാം. എന്നാലും... കാടുമൂടികിടക്കുന്ന പറമ്പിനു നടുവിൽ ഒരു പ്രേതഗേഹം പോലെ വീട്. ക്ലാവു പിടി ച്ച ഉമ്മറകോലായിലേ ശൂന്യതയിൽ തെളിയുന്ന അമ്മയുടെ ചിരിപടർന്നമുഖം.
"എവിടാർന്നു ന്റെ ഉണ്ണ്യേ നീയിത്രേം നാള് ?,, ഞാനൊറ്റക്കാന്ന് അറിയില്ല്യെ നിക്ക്, ഇമ്മഴ മുഴുവൻ കൊണ്ടോ നീയ്യ്" സെറ്റുമുണ്ടിന്റെ മുൻതല കൊണ്ട് തലതോർത്തി അമ്മ വീണ്ടും " പനിപിടിച്ച്കെടന്നാ ആരാണ്ടാവാ കൊണ്ടോവാൻ "

അകച്ചുവരുകൾക്കുള്ളിൽ അമ്മയുടെ ഗന്ധം നിറഞ്ഞു നിന്നു. കർക്കശക്കാരനായ അച്ഛന്റെ മുന്നിൽ എന്നും പതുങ്ങി നിന്ന അമ്മക്ക് ചേച്ചിയേക്കാൾ പ്രിയവും തന്നോടായിരുന്നല്ലോ. പള്ളിക്കൂടംവിട്ട് വിശപ്പ് തോളിലേറ്റിവരുന്ന തന്നെയുംകാത്ത് കട്ടൻ ചായയും നെയ്യപ്പവും ചുട്ട് ദൂരെയക്ക് കണ്ണും നട്ടിരുന്ന അമ്മ. ഓലപീപ്പിയും കടലാസുതോണികളും ഉണ്ടാക്കി തന്ന് കുസൃതികൾക്ക് കാതോർത്ത അമ്മ. ചോർന്നൊലിക്കുന്ന പുരയിലെ മഴതുള്ളികൾക്കൊപ്പം ഊർന്നിറങ്ങുന്ന കണ്ണുനീർ തുള്ളികൾ പുഞ്ചിരിയാൽ കഴുകി കളഞ്ഞവൾ. വറുതിയുടെ മഴക്കാലങ്ങളിലും വിശപ്പറിയിക്കാതെ നെഞ്ചിന്റെ ഉൾചൂടിൽ ചേർത്തുവെച്ചവൾ. കള്ള് കുടിച്ച് കരൾ തകർന്ന അച്ഛന്റെ കാലശേഷവും പട്ടിണി അറിയിക്കാതെ ചേച്ചിയേയും തന്നെയും പള്ളിക്കൂടത്തിൽ പറഞ്ഞയച്ച അമ്മ. നെഞ്ചകം നുറുങ്ങുന്ന വേദനയാൽ പൊന്നുവിളയും ദുബായിലേക്ക് യാത്രപുറപ്പെടും മുൻപെ പാതിചാരിയ പടിപ്പുരവാതിൽക്കൽ കലങ്ങി മറിഞ്ഞ മിഴികളുമായി തേങ്ങുന്ന അമ്മയുടെ മുഖം. എന്നിട്ട് അവസാനമായി ഒന്നു കാണാൻ പോലുമാവാതെ...

തനിച്ചാക്കി പടികടന്നുപോയ അമ്മയുടെ മുഖം മഴയോർമ്മകളായി പെയ്യുകൊണ്ടെയിരുന്നു. പെരുമ്പറകൊട്ടിപെയ്യുന്ന മഴയിലെക്ക്, അമ്മ നടന്ന വഴികളിലെ കൈതോടിന്റെ ഓരങ്ങളിലേക്ക് ആ പഴയ കടലാസുതോണിയുമായ് ഒരു പിൻവിളിക്ക് കാതോർത്ത് ഞാൻ ഇറങ്ങി നടന്നു.



# വിദ്യാർഥികൾ നൽകുന്ന സന്ദേശം

ടീ.സി നിസാർ

"സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം, സിന്ദാബാദ്" എസ് എഫ്.ഐ പ്രവ്വത്തകർ തെരുവിൽ തൊണ്ടപൊട്ടി വിളിക്കുന്ന മുദ്രാവാക്യമാണിത്. ഇതിന് പകരം കഴിഞ്ഞ ദിവസം മറ്റൊന്നാണ് കേൾകാനിടയായത്. "ഓർമ്മയില്ലേ ശുക്കൂറ് ഞങ്ങളെ നേരെ വന്നപ്പോൾ കൊന്ന് കളഞ്ഞത് ഓർക്കുന്നില്ലേ..."
പാതയോരങ്ങളിൽ തണൽ മരങ്ങൾ നട്ടും വിദ്യാർത്ഥികൾക്ക് പഠനസഹായമൊരുക്കിയും പട്ടിണി പാവങ്ങൾക്ക് ഭക്ഷണസാധനങ്ങൾ നൽകിയും മുസ്ലിം ലീഗിൻ്റെ നയപരിപാടികളുടെ വെളിച്ചമായി അരിയിൽ എന്ന കൊച്ചു ഗ്രാമത്തിൽ ഷുക്കൂർ എന്ന എം എസ് എഫുകാരൻ മാറിയപ്പോൾ മാർക്സിസ്റ്റുകളുടെ ഫാസിസ്റ്റു മനസ്സിന് സഹിക്കാനായില്ല. അവർ അവനെ നിഷ്ഠൂരമായികൊന്നുകളഞ്ഞു.

എസ് എഫ് ഐക്കാരന്റെ ചുകന്ന കോട്ടയായ കൊയിലാണ്ടി അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഗവ: കോളേജിൽ ഇരുപത്തിഅഞ്ച് വർഷങ്ങൾക്ക് ശേഷം യു യു സി അടക്കം അഞ്ച് സീറ്റുകളിൽ യു ഡി എസ് എഫ് വിജയിച്ചിരിക്കുന്നു. പാർട്ടി ഗുണ്ടാ ഗ്രാമങ്ങളായ കൊടക്കാട്ട് മുറിയും, നെല്ലോളിത്താഴെയും കഴിഞ്ഞ് വേണം കൊയിലാണ്ടിയിൽ നിന്നും വിദ്യാർത്ഥികൾക്ക് കോളേജ് സ്ഥിതി ചെയ്യുന്ന മുചുകുന്ന് പ്രദേശത്തെത്താൻ. ഈ സാഹചര്യം മുതലെടുത്ത് വിദ്യാർത്ഥികളെ മർദ്ധിച്ചും ഭീഷണിപ്പെടുത്തിയുമാണ് പലപ്പോഴും പത്രിക പിൻവലിപ്പിക്കാറ്. ആ പതിവ് ഈ തവണ യു ഡി എസ് എഫ് വിദ്യാർഥികൾ ഒറ്റക്കെട്ടായി തോൽപിക്കുകയായിരുന്നു.

"ശുക്കൂറിനെ ഞങ്ങൾ മറന്നിട്ടില്ല. ശുക്കൂറിനെ കൊന്നവരെയും ഞങ്ങൾ മറന്നിട്ടില്ല." എന്ന സന്ദേശമാണ് വിദ്യാർഥികൾ ബാലറ്റിലൂടെ നൽകിയത്. പുഷ്പനെന്ന ചെറുപ്പക്കാരനെ കൂടി വിദ്യാർഥികൾ ഓർക്കുന്നു.സ്വാശ്രയ കോളേജ്കൾക്കെതിരെയുള്ള സമരത്തിലെ ജീവിച്ചിരുന്ന രക്തസാക്ഷിയായ പുഷ്പന്റെ സമരം സ്വാശ്രയ വിദ്യാഭ്യാസ നയത്തിനെതിരെയായിരുന്നു. സമരം നയിച്ച ജയരാജൻമ്മാർ ഗ്രൂപ്പ് തിരിഞ്ഞ് സ്വാശ്രയ കോളേജിൻ്റെ നടത്തിപ്പധികാരം പിടിച്ചെടുത്തു സുഖലോലുപരായി കഴിയുന്നു. പുഷ്പനെ സ്നേഹിക്കുന്നവർ ചുകപ്പിന്റെ കാപട്യത്തെ തിരിച്ചറിഞ്ഞിരിക്കുന്നു. എസ് എഫ് ഐയെ വിദ്യാർഥികൾ കയ്യൊഴിഞ്ഞ് തുടങ്ങിയിരിക്കുന്നു.



കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറിന്റെ കുവൈത്ത് സന്ദർശനവേളയിൽ വിളിച്ചു ചേർത്ത കുവൈത്തിലെ പ്രമുഖ ഇന്ത്യൻ സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ കുവൈത്ത് കെഎംസിസി പ്രസിഡന്റ് സയ്യിദ് നാസർ അൽ മഷ്ഹൂർ തങ്ങൾ പങ്കെടുത്തു.



ഹ്രസ്വ സന്ദർശനാർത്ഥം കുവൈത്തിൽ എത്തിയ തിരുവനന്തപുരം എം.പി ഡോക്ടർ ശശി തരൂരിനെ കുവൈത്ത് കെഎംസിസി നേതാക്കൾ സന്ദർശിച്ചു. പ്രവാസികളെ ബാധിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുകയും നിവേദനം നൽകുകയും ചെയ്തു.




കുവൈത്ത് കെഎംസിസി കൊയിലാണ്ടി മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച നോളജ് കോൺഫ്ലുവൻസ്.





കുവൈത്ത് കെഎംസിസി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി മർഹൂം വി.കെ.പി. ഖാലിദ് ഹാജി സാഹിബിന്റെ നാമധേയത്തിൽ ഏർപ്പെടുത്തിയ Inpsire'2k24 വിദ്യാഭ്യാസ അവാർഡ് ദാന ചടങ്ങിൽ നിന്ന്



കുവൈത്ത് കെഎംസിസി കാസർഗോഡ് മണ്ഡലം കമ്മിറ്റി PTH മായി സഹകരിച്ചു നടപ്പിലാക്കുന്ന അൽ മുസാഅദ് പദ്ധതിയുടെ ഭാഗമായുള്ള മെഡിക്കൽ ഉപകരണങ്ങൾ എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. വിതരണോദ്ഘാടനം നിർവഹിക്കുന്നു.




കുവൈത്ത് കെഎംസിസി ബാലുശ്ശേരി മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച ആദരം 2024 പരിപാടിയിൽ നിന്ന്



കുവൈത്ത് കെഎംസിസി മഞ്ചേശ്വരം മണ്ഡലം കമ്മിറ്റി, "പഞ്ചാത്തിഗെ" എന്ന പേരിൽ ഫിന്താസ് പാർക്കിൽ സംഘടിപ്പിച്ച ഏകദിന പിക്നിക്ക്.




കുവൈത്ത് കെഎംസിസി ഉദുമ മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച 'ഇഫ്താർ മീറ്റ്' കെഎംസിസി സംസ്ഥാന പ്രസിഡണ്ട് സയ്യിദ് അൽ നാസർ മശ്ഹൂർ തങ്ങൾ ഉൽഘാടനം നിർവ്വഹിക്കുന്നു.

ദർശനം
DARSHANAM MAGAZINE
കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം
2024 ഒക്ടോബർ

കഥ

# കല്ലറകൾ

✍️ ഷാജഹാൻ കാട്ടുംപുറം



"എടാ ചെക്കാ അതിന്റെ മുകളിൽ കയറല്ലേ സർപ്പ ശാപം ഉണ്ടാവും"
സ്കൂൾ വിട്ടുവരുന്ന നേരം. വെണ്ണക്കൽ പ്രതിമയ്ക്ക് അരികിലായി സിമന്റ് തിട്ടകൾ. അതിന്റെ മുകളിൽ കയറി നിന്ന് മൂവാണ്ടൻ മാവിൽ നിന്ന് രണ്ട് മാങ്ങ പറിച്ചു. അപ്പോഴാണ് ദുർഗ ഓർമിപ്പിച്ചത്.

"എന്താണ് മുത്തശ്ശി സർപ്പശാപം" ചെറുതും വലുതുമായി കഥകൾ കേൾക്കാനുള്ള കൗതുകത്തോടെ വൈകുന്നേരങ്ങളിൽ ഞങ്ങൾ കുട്ടികൾ ആറു പേരും ഒന്നിച്ചു കൂടാറുള്ള വാരസിയാർ മുത്തശ്ശിയുടെ വീട്ടിൽ.

"എന്തേ അങ്ങനെ ചോദിക്കാൻ " മുത്തശി പുഞ്ചിരിയോടെ എന്റെ മുഖത്തേക്ക് നോക്കി. ഞങ്ങൾക്കിടയിൽ അല്പം മൂത്തവളായ ദുർഗയെ ഞാൻ തുറിച്ചുനോക്കി.

"വെറും സിമന്റ് തിട്ട അല്ല അത്; രണ്ടാളുടെ ആത്മാവ് കുടികൊള്ളുന്ന ശവക്കല്ലറ!
അവിടത്തെ പ്രതിമ കണ്ടിട്ടില്ലേ? വെള്ളപ്പുടവ കൊണ്ട് അരയും മാറും വയറും തുടകളും മാത്രം മറച്ച സുന്ദരിയായ ഒരു സ്ത്രീയുടെ വെണ്ണക്കൽ പ്രതിമ. കുലീനമായ മുഖം. ആ കണ്ണുകളിലും ചുണ്ടിലും ഐശ്വര്യം". ഗൗരവവത്തിലാണ് മുത്തശ്ശി പറഞ്ഞു തുടങ്ങിയത്. അവരുടെ മുഖത്തു ചെറിയൊരു നാണം വിടരുന്നുണ്ട്.

"ചൈത്രലക്ഷ്മി, മേനോൻ കുടുംബം. അവരുടെ തൊട്ടടുത്തു താമസിക്കുന്ന വേലൂർ പറമ്പിൽ ശങ്കരൻ. അന്നൊക്കെ അയൽപക്കങ്ങൾ തമ്മിൽ നല്ല സഹകരണമാണ് കേട്ടോ. അങ്ങനെ ഒരേ പ്രായക്കാരായ ലക്ഷ്മിയും ശങ്കരനും ഒന്നിച്ചാണ് സ്കൂളിൽ പോകുന്നതും വരുന്നതും. അന്ന് ഇന്നത്തെ പോലെ വാഹനങ്ങൾ ഒന്നും ഇല്ല കേട്ടോ. പ്രായത്തിന് മൂർച്ച കൂടിയപ്പോൾ അവരുടെ പ്രണയത്തിനും ശക്തി കൂടി. അവളെ പിരിയാൻ ശങ്കരനും അവൾക്കും മടി തോന്നി തുടങ്ങിയ ഘട്ടം.

"മേനോൻ കുടുംബത്തീന്ന് ചോമ കുടുംബത്തിലേക്ക് സംബന്ധമോ?
"അന്നും ജാതിയും മതവും ഒരു പ്രധാനപ്പെട്ട വിഷയമാണ് കേട്ടോ.
പക്ഷേ ഇപ്പോൾ കുറച്ചൊക്കെ മാറ്റം വന്നിട്ടുണ്ട്....? ഉണ്ടോ ആവോ...?
പതിനാലാം വയസ്സിൽ അവളുടെ മംഗലം നടത്തി. ഇന്നത്തെപ്പോലെ അന്നൊക്കെ പെൺകുട്ടികളുടെ ഇഷ്ടം പൊതുവേ ആരും ചോദിക്കാറില്ല. അന്ന് ശൈശവ വിവാഹങ്ങൾക്കാണ് പ്രിയം. കെട്ടിച്ചു വിട്ടാലോ, മാസം ഒന്ന് തികയുന്നതിന് മുമ്പേ സദ്യാലയത്തിലോ അമ്പലത്തിലോ വച്ചു സ്ത്രീകൾ തമ്മിൽ കണ്ടുമുട്ടിയാൽ ചോദിക്കുന്ന ഒരേയൊരു ചോദ്യം "എടീ ഓൾക്ക് വിശേഷം ഉണ്ടോ വയറ്റിലുണ്ടോ "
ഇന്നാണെങ്കിലോ "ഓള് എന്തിന് പഠിക്കുന്നെ എവിടാ പഠിക്കണേ."

ലക്ഷ്മിയുടെ വിവാഹശേഷം തറവാട്ടു പടിക്കൽ വന്ന് അവൻ പ്രതീക്ഷയോടെ നോക്കി നിൽക്കുമായിരുന്നു. അവൾ വരുമായിരുന്നു അവനെ കാണാൻ. സുഖ വിവരങ്ങൾ തിരക്കി അവർ പിരിയും. ഈ പതിവ് തറവാട്ടിൽ ഉള്ളവർക്ക് ഇഷ്ടപ്പെട്ടില്ല.

"എടാ ചെക്കാ അവളെ അവള വഴിക്ക് വിട്ടേക്ക് നിനക്ക് വേറെ പണിയൊന്നുമില്ലേ ഇവിടെ വന്ന് വായിനോക്കി നിൽക്കാൻ?"

"അവൻ നിരാശനായി നാടും വീടും മറന്നു. എങ്ങോട്ടോ പോയി. എവിടേക്കാണെന്ന് ആർക്കുമറിയില്ലായിരുന്നു. ഇപ്പോഴും അജ്ഞാതം. ഒരുപക്ഷേ ലക്ഷ്മി അറിഞ്ഞിട്ടുണ്ടായിരിക്കും. ലക്ഷ്മിയുടെ സഹോദരങ്ങൾ ഓരോന്നായി പ്രത്യേകം കുടുംബങ്ങളായി പടിയിറങ്ങി. വളരെ താമസിച്ചില്ല അവളുടെ അച്ഛനും അമ്മയും ഈ ഭൂമിയിൽ നിന്ന് വിട പറഞ്ഞു. തറവാട്ടിൽ അവളും ഭർത്താവും മാത്രമായി." "വർഷങ്ങൾ വളരെ വേഗം കടന്നു പോയി. അവൾക്ക് കുട്ടികൾ ഒന്നും ഉണ്ടായിരുന്നില്ല. അതോ അവൾ ശങ്കരനോടുള്ള പ്രണയത്താൽ വേണ്ടെന്നുവെച്ചതായിരിക്കുമോ? ഒരുനാൾ സർപ്പ ശാപം എന്നു വേണമെങ്കിൽ പറയാം അവളുടെ ഭർത്താവ് മരിച്ചു. അവൾ തറവാട്ടിൽ തനിച്ചായി. വെളുത്ത ചേലയ്ക്കുള്ളിൽ ഒതുങ്ങി. പക്ഷേ ദിവസങ്ങൾ വളരെ വേണ്ടിവന്നില്ല. വെളുത്ത മെലിഞ്ഞ സുന്ദരിയോട് ചേർന്ന് ഉറങ്ങാൻ പലരും കൊതിച്ചു. രാവും പകലും തറവാട്ട് പടിക്കൽ വന്നു ഒളിഞ്ഞു നോക്കി. കുശലം ചോദിച്ചു അടുത്തു കൂടാൻ ശ്രമിച്ചവർ നിരാശരായി...,"

"നിറദീപം കെട്ടുപോയ തറവാട്ടുപടികൾ ശങ്കരൻ ഒരു ദിവസം ചാറ്റൽ മഴ നനഞ്ഞെത്തി.ഒരു പക്ഷേ അവൻ അറിഞ്ഞിട്ടുണ്ടാവും അവൾ തനിച്ചാണെന്ന്. അവൾക്ക് തുണയാകാൻ അവൻ ആഗ്രഹിച്ചിട്ടുണ്ടാവും. ഉമ്മറത്ത് നിറദീപം തെളിഞ്ഞു. എന്നിട്ടും ഒന്നിച്ചു ജീവിക്കാൻ അവൾ ആഗ്രഹിച്ചില്ല. എത്തിനോക്കി നടന്നവർ ശങ്കരനെയും ലക്ഷ്മിയും ഒരിക്കൽ കൂടി ചേർത്ത് കെട്ടി, പുതിയ കഥകൾ മെനഞ്ഞു. "വിധവയായ ലക്ഷ്മി വേശ്യയായി" രാത്രികാലങ്ങളിൽ ജനൽ പഴുതിലൂടെ ഒളിഞ്ഞു നോക്കി. റാന്തൽ വിളക്കിന്റെ നേരിയ വെളിച്ചത്തിൽ അവര് കണ്ടു."

"എന്താ കണ്ടത് മുത്തശ്ശി? "
ജിജ്ഞാസയുടെ വെളിച്ചം ഞങ്ങളിൽ ജ്വലിക്കുന്നത് നോക്കി മുത്തശ്ശി ഊറി ചിരിച്ചു. ക്ഷമ നശിച്ച ഞാൻ മുത്തശ്ശിയുടെ മുറുക്കാൻ പെട്ടിയിൽ കയ്യിട്ടു.

" അടക്കാ കക്കണ്ട ചെക്കാ ഞാൻ പറയാം "

"അവർ രണ്ടുപേരും കിടപ്പറയിൽ ആയിരുന്നെങ്കിലും രാവ് വെളുക്കുവോളം ശങ്കരൻ അവൾക്ക് കൂട്ടായി കുശലം പറഞ്ഞു പിരിയുമായിരുന്നു. ഒരുനാൾ സന്ധ്യ കഴിഞ്ഞ നേരം. ചെറിയൊരു ചാറ്റൽ മഴ പെയ്തൊഴിഞ്ഞു. എന്തോ ശബ്ദം കേട്ട് പുറത്തേക്ക് വന്ന ലക്ഷ്മിയുടെ കാലിൽ സർപ്പശാപം."

"അനാഥമായ തറവാടും പറമ്പും. ഒരുനാൾ എല്ലാവരും ഒന്നിച്ചു കൂടി. കുടുംബ സ്വത്ത് ഭാഗം വയ്ക്കാൻ. "അക്കാര്യത്തിൽ അന്നും ഇന്നും ഒരുപോലെ"
വീതം വെച്ചപ്പോൾ ശങ്കരൻ ഒരു അപേക്ഷ മുന്നോട്ടുവെച്ചു.

"വിളക്ക് തിരി വയ്ക്കാൻ അവളുടെ കല്ലറയും രണ്ട് സെന്റ് സ്ഥലവും ഞാൻ വിലയ്ക്ക് വാങ്ങിക്കൊള്ളാം" വിറ്റൊഴിഞ്ഞ് പോകാൻ കാത്തുനിന്ന വർക്ക് രക്തബന്ധത്തിന് എന്ത് വില?. ശങ്കരന്റെ ആഗ്രഹം നിറവേറി. കല്ലറയ്ക്ക് തണൽ മരമായി അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട മാമ്പഴം, മൂവാണ്ടൻ മാവിന്റെ രണ്ട് തൈകൾ വച്ചുപിടിപ്പിച്ചു."

പതിവ് രീതിയിൽ മാറ്റം വരാൻ അവൻ ആഗ്രഹിച്ചില്ല. അവൾ മരിച്ചു പോയെങ്കിലും അവളുടെ ആത്മാവിനോട് സ്വകാര്യദുഃഖങ്ങൾ പങ്കുവയ്ക്കാൻ കല്ലറയ്ക്ക് മുമ്പിലായി അവളുടെ പൂർണ്ണകായ വെണ്ണക്കൽ പ്രതിമ സ്ഥാപിച്ചു. വസ്തുവിന് ചുറ്റുമതിലായി അവൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പൂക്കളിൽ ഒന്ന് ചുവന്ന ചെമ്പക തൈ ചെടികൾ നട്ടുവളർത്തി. എന്നും രാത്രി അവൻ വരുമായിരുന്നു അവളോട് കുശലം പറയാൻ. നേരം വെളുത്തു തുടങ്ങിയാൽ പൊഴിഞ്ഞു വീഴുന്ന ചെമ്പകപ്പൂക്കൾ അവൻ വെണ്ണക്കൽ പ്രതിമയുടെ കാൽക്കൽ സമർപ്പിച്ചു. സന്തോഷത്തോടെ മടങ്ങുമായിരുന്നു. ഒരുനാൾ അവനും മരിച്ചു ശങ്കരൻ,സർപ്പശാപം ആണെന്ന് പലരും പറഞ്ഞു ".

"ആഗ്രഹിച്ചതുപോലെ അവളുടെ കല്ലറയ്ക്ക് അരികിലായി അവനും അന്ത്യവിശ്രമം കൊള്ളുന്നു. അന്നത്തെ ആ ചെറിയ മൂവാണ്ടൻ മാവ് വളർന്നു വളർന്നു വലുതായി കല്ലറകൾക്കും പ്രതിമയ്ക്കും തണലായി ചെരിഞ്ഞു നിൽക്കുന്നു."

മുത്തശ്ശി പറഞ്ഞു അവസാനിക്കുമ്പോൾ രാത്രി വളർന്നത് ഞങ്ങൾ അറിഞ്ഞില്ല. എങ്കിലും സംശയം ബാക്കി.

"മുറുക്കാൻ പെട്ടിയിൽ കയ്യിട്ടാൽ നിന്റെ ചെവി ഞാൻ കിഴിക്കും " മുത്തശ്ശി കണ്ണുരുട്ടി.

"സർപ്പശാപം എന്ന് വച്ചാൽ എന്താ"


" ഓ അതോ.... സർപ്പം കടിച്ചു മനുഷ്യൻ ചത്താൽ...! യഥാർത്ഥത്തിൽ ശാപം കിട്ടിയത് ആർക്കാ? അപ്പോൾ പിന്നെ മോക്ഷം കിട്ടിയത് ചത്തുപോയ മനുഷ്യനോ ജീവിച്ചിരിക്കുന്ന സർപ്പത്തിനോ?"
ചെറുപുഞ്ചിരി വിരിഞ്ഞ ചുണ്ടുകൾക്കിടയിലേക്ക് അടയ്ക്കയും വെറ്റിലയും തിരുകി കയറ്റി മുത്തശ്ശി ചവച്ചു തുടങ്ങി.


"ആരും തിരിഞ്ഞു നോക്കാൻ ആളില്ലാത്ത ഒരിടമായി അവിടം കാടുപിടിച്ച് തുടങ്ങിയില്ലേ? പണ്ടൊക്കെ തിരിച്ചറിയാനും കുശലം ചോദിക്കാനും നേരം ഉണ്ടായിരുന്നു. ഇന്ന് നിന്റെ സൈക്കിൾ ചക്രം പോലെ , ചുറ്റും തിരിഞ്ഞു നോക്കാൻ നേരമില്ല ഓട്ടമല്ലേ ഓട്ടം".

മുത്തശ്ശിയോട് യാത്ര പറഞ്ഞു പടിയിറങ്ങി. ചെറിയൊരു ഓലച്ചൂട്ടിന്റെ വെളിച്ചത്തിൽ വീടിന്റെ പടികടന്നു.
"ഈ കൊച്ചു വെളുപ്പാൻകാലം വരെ എവിടെയായിരുന്നടാ "
"അതിന് നാളെ ഞായറാഴ്ചയല്ലേ അമ്മേ സ്കൂളിൽ പോകണ്ടല്ലോ"

അമ്മയുടെ കോപം തണുത്തിട്ടുണ്ടാവും അവർ അകത്തു കടന്നു വാതിലടച്ചു. ഉറക്കം നഷ്ടപ്പെട്ട കണ്ണുകൾ,
ഞാൻ പുറത്തേക്ക് നോക്കി കിടന്നു. പെയ്തുകൊണ്ടിരിക്കുന്ന ചാറ്റൽ മഴത്തുള്ളികൾ മണ്ണിൽ ഇഴുകി ചേരുന്നു. അതിർവരമ്പുകൾ നിശ്ചയിക്കാത്ത പ്രണയം !

സർപ്പം ശാപം നൽകിയ കല്ലറകളിലേക്ക് അറിയാതെ എന്റെ കാലുകൾ സ്വയം ഊതി തെളിയിച്ച ചൂട്ടുവെളിച്ചത്തിൽ നടന്നു നീങ്ങി. വെണ്ണക്കൽ പ്രതിമയിൽ പറ്റിപ്പിടിച്ച മഴത്തുള്ളികൾ തുടച്ചു നീക്കി ഒരു വെളുത്ത രൂപം ആവേശത്തോടെ വാരിപ്പുണരുന്നു. ഭയം,ഞാൻ എന്റെ കണ്ണുകൾ കൈവെള്ളയിൽ പൊതിഞ്ഞു. അവകാശികൾ നഷ്ടപ്പെടുന്ന മൂവാണ്ടൻ മാങ്ങകൾ കൊഴിഞ്ഞിട്ടുണ്ടാവും. ഇനി അത് അവിടെ കാണില്ല.



## പ്രവാസി

✍️ സഈദ് അരിയിൽ



പിറന്ന നാട്ടിലെ ചലനങ്ങളും
കുടുംബത്തിന്റെ സന്തോഷവും സന്താപവും കാണാനാവാത്തവൻ.
മരുഭൂമിയിൽ, കിനാവുകളോടൊപ്പം ഉരുകിത്തീരുന്നവൻ.
ഇടുങ്ങിയ മുറിയിൽ നരക ജീവിതം നയിക്കുന്നവൻ.
ചിതലരിച്ച കിനാവുകൾക്കിടയിലും പ്രതീക്ഷയുടെ നാളെയെ ഉറ്റു നോക്കുന്നവൻ
വേവുന്ന ചൂടിലും മരം കോച്ചുന്ന തണുപ്പിലും
ഉറ്റവർക്കായി വിയർപ്പൊഴുക്കുന്നവൻ

DARSHANAM MAGAZINE

കുവൈത്ത് കെ.എം.സി.സി പ്രസിദ്ധീകരണം

2024 ഒക്ടോബർ

പേജ് 1 തുടർച്ച

# ഫോട്ടോ ഷൂട്ട് നാട്യങ്ങൾക്കിടെ, അല്പം ഗാന്ധിചിന്തകൾ..!

ആഴ്ചയിൽ ഒരു ദിവസം മൗനവ്രതം ശീലിച്ചു. സമ്പത്തിന്റേയും കാര്യവിജയത്തി ന്റേയും പ്രതീകമായാണ് അദ്ദേഹം പാശ്ചാത്യ വസ്ത്രധാരണരീതിയെ കണ്ടത്. ഗാന്ധിയും അനുയായികളും സ്വയം നൂറ്റ നൂൽകൊണ്ട് നെയ്ത വസ്ത്രങ്ങൾ ധരിക്കുകയും മറ്റുള്ളവരെ അങ്ങനെ ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. ബ്രിട്ടീഷ് നിർമാതാക്കളിൽ നിന്ന് വസ്ത്രങ്ങൾ വാങ്ങിച്ചിരുന്നഇന്ത്യക്കാർ സ്വയമായി നിർമിച്ചാൽ ബ്രിട്ടീഷ് സർക്കാരിന് സാമ്പത്തികമായ പ്രഹരമേല്പിക്കാമെന്ന് ഗാന്ധിജി വിശ്വസിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം മുണ്ട് ആണ് ധരിച്ചിരുന്നത്.

കൗമാര പ്രായത്തിലേ വിവാഹിതനായിരുന്ന ഗാന്ധിക്ക് 16വയസുള്ളപ്പോൾ പിതാവ് നിത്യരോഗിയായി. പിതാവിനെ അവിശ്രമം ശുശ്രൂഷിച്ച് അവശനായ ഗാന്ധിക്ക് വിശ്രമം നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ അമ്മാവൻ പിതാവിന്റെ ശുശ്രൂഷ ഒരു രാത്രിയിൽ ഏറ്റെടുത്തു. മുറിയിൽ പത്നിയുടെ അടുത്തേക്ക് മടങ്ങിയ അദ്ദേഹത്തെ ലൈംഗികാസക്തി കീഴടക്കി. അതിനിടെ ഒരു വേലക്കാരൻ പിതാവിന്റെ മരണ വാർത്തയുമായി എത്തി. ഇത് വലിയ അപരാധ ബോധം ഗാന്ധിയെ വേട്ടയാടുന്നതിന് ഇടയാക്കി. ഈ അപരാധ ബോധം തെളിമയാർന്ന തന്റെ വ്യക്തി ജീവിതത്തെ വളരെയേറെ സ്വാധീനിച്ചതായി അദ്ദേഹം സ്വന്തം ആത്മ കഥയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ബ്രഹ്മചര്യ എന്ന തത്ത്വചിന്ത – ആത്മീയവും ശാരീരികവുമായ ശുദ്ധത - വളരെയധികം ഗാന്ധിജിയെ സ്വാധീനിച്ചു. 'ചിന്തയിലും വാക്കിലും പ്രവൃത്തിയിലും വികാരങ്ങളുടെ നിയന്ത്രണം' എന്നാണ് ഗാന്ധിജി ബ്രഹ്മചര്യ എന്നതിന് അർത്ഥം കല്പിച്ചത്.

ഹൈന്ദവ കുടുബത്തിൽ ജനിച്ച ഗാന്ധി ജീവിതകാലം മുഴുവൻ ഹൈന്ദവനായി ജീവിച്ചു. മത തീവ്ര വാദിയുടെ വെടിയേറ്റു വീഴുമ്പോഴും സ്വന്തം നാവിൽ നിന്നും ഹേ.. റാം... എന്ന് ഉരുവിട്ട് കൊണ്ടിരുന്നു. അന്യ മതത്തെ നിരാകരിക്കാതെ തന്നെ ഹിന്ദു വിശ്വാസിയായി ജീവിക്കുന്നതിനു അദ്ദേഹത്തിന് പ്രയാസമുണ്ടായില്ല. ഇതര മതങ്ങളിലെ നന്മകളെ അദ്ദേഹം ആദരവോടെ കണ്ടു. മതജിജ്ഞാസു വായിരുന്ന ഗാന്ധിജി എല്ലാ പ്രധാന മതങ്ങളേയും കുറിച്ച് ഗാഢമായി പഠിച്ചിരുന്നു. അപ്പോഴും മറ്റ് വിശ്വാസങ്ങളിലേക്ക് തന്നെ മാറ്റുവാനുള്ള ശ്രമങ്ങളെ ഗാന്ധി തിരസ്കരിക്കുന്നുണ്ട്. എന്റെ ക്രിസ്ത്യൻ സുഹൃത്തുക്കളും മുസ്ലീം സുഹൃത്തുക്കളും എന്നെ അവരുടെ മതങ്ങളിൽ വിശ്വാസിക്കുന്നവനാക്കാൻ ഒരുപോലെ ശ്രമിച്ചിട്ടുണ്ട്.

അബ്ദുള്ള സേഠ് (ഗാന്ധിയെ ബാരിസ്റ്റർ ജോലിക്കായി ദക്ഷിണാഫ്രിക്കയിലേക്ക്അയച്ച കമ്പനി ഉടമ) ഇസ്ലാമിനേക്കുറിച്ച് പഠിക്കാൻ എപ്പോഴും പ്രേരിപ്പിക്കാറുണ്ട്, അദ്ദേഹം വിശദീകരിക്കുന്നു. 'എനിക്കറിയാവുന്ന ഹൈന്ദവത എന്റെ ആത്മാവിനെ പൂർണമായും തൃപ്തിപ്പെടുത്തുന്നു. തന്റെ ജീവിതം ദുരന്തപൂരിതമായ ഒന്നായിരുന്നു. 'ആ ദുരന്തങ്ങൾ പ്രത്യക്ഷമായ ഒരു പ്രഭാവവും തന്റെ ജീവിതത്തിൽ ഉണ്ടാക്കിയിട്ടില്ലെങ്കിൽ, അതിന് കടപ്പെട്ടിരിക്കുന്നത് ഗീതയുടെ ഉപദേശങ്ങളോടാണ് എന്നദ്ദേഹം വ്യക്തമാക്കി യിട്ടുണ്ട്. പിരിമുറുക്കം അലട്ടുമ്പോൾ ഗാന്ധിജി ഭഗവത്ഗീതയെ അഭയം പ്രാപിച്ചു. എല്ലാ മതങ്ങളുടേയും അന്തഃസത്ത സത്യവും സ്നേഹവും ആണെന്ന് അദ്ദേഹം വിശ്വസിച്ചു. മതങ്ങളിൽ ഒളിഞ്ഞിരിക്കാവുന്ന കാപട്യത്തേയും അസ്സാന്മാർഗികതത്വത്തേയും ശാഠ്യങ്ങളേയും എതിർത്തുകൊണ്ട് വിശ്രമമില്ലാതെ പ്രവർത്തിച്ച ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നുഗാന്ധിജി.

ഹിന്ദുമതത്തിലെ കുറവുകൾ എനിക്കറിയാം. തൊട്ടുകൂടായ്മ അതിന്റെ ഭാഗമാണെങ്കിൽ അത് ഹൈന്ദവതയുടെ ദുഷിച്ച ഒരു ഭാഗമാണ്. ഹിന്ദുവാണോ എന്ന ഒരു ചോദ്യത്തിന് ഒരിക്കൽ ഗാന്ധിയുടെ മറുപടി ഇങ്ങനെയായിരുന്നു: അതെ, ഞാനൊരു ഹിന്ദുവാണ്. അതോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയും മുസ്ലീമും യഹൂദനുമാണ്. മതവും സദാചാരവും സാമൂഹ്യനീതിയും തത്ത്വത്തിലും പ്രയോഗത്തിലും, ആത്മാവിഷ്കാരത്തിന് അനുസൃതമായിരിക്കണം എന്നതായിരുന്നു ഗാന്ധിയൻ ദർശനത്തിന്റെ കാതൽ.

ആരോഗ്യവിഷയത്തിലും ഗാന്ധിക്ക് തന്റേതായ കാഴ്ചപ്പാട് ഉണ്ടായിരുന്നു. പ്രകൃതി ചികിത്സയെ അദ്ദേഹം വളരെയധികം ആശ്രയിച്ചിരുന്നു. ജലം, മണ്ണ്, സൂര്യൻ, വായു എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കാനും അവയെ എങ്ങനെ ആരോഗ്യ പാലനത്തിന് ഉപയോഗപ്പെടുത്താനാവും എന്ന് പഠിക്കാനും അദ്ദേഹം ശ്രമിച്ചു. ഭക്ഷണം, ലഹരിപദാർത്ഥങ്ങൾ, പുകയില എന്നിവക്ക് പുറമെ ചായ, കാപ്പി എന്നീ പാനീയങ്ങളുടെ ഉപയോഗങ്ങളിലും ഗാന്ധിജിക്കു കണിശമായ നിലപാടുകളുണ്ടാ യിരുന്നു .

ചുരുക്കത്തിൽ വാക്കും പ്രവൃത്തിയും സമന്വയിക്കുന്ന സുതാര്യമായ കർമ്മരീതിയായിരുന്നു ഗാന്ധിജിയുടേത്. അത് ഇക്കാലത്ത് പ്രകടമായി കാണുന്ന നാട്യങ്ങളോടെയോ പി. ആർ. ടീമ് ന്റെ സഹായത്തോടെ നെയ്തെടുക്കുന്ന പെരുമയിലോ ആയിരുന്നില്ല. സ്ഫടികം പോലെ തിളങ്ങുന്ന, ശാന്തമായ സത്യസന്ധമായ സംവേദനക്ഷമമായ പുസ്തകമായിരുന്നു ഗാന്ധിജിയുടെ ജീവിതം. രാജ്യത്തിന്റെ ആത്മാവ് തെരുവിൽ വേട്ടയാടപ്പെടുന്ന ഇക്കാലത്ത് ഗാന്ധിയൻ ദര്ശനങ്ങൾക്കും നമൂല്യങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്.



കുവൈത്ത് കെഎംസിസി തൃശ്ശൂർ ജില്ലാ കമ്മിറ്റി വിദ്യഭ്യാസ പുരസ്കാര സമർപ്പണ ചടങ്ങ് മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച്. റഷീദ് ഉദ്ഘാടനം ചെയ്യുന്നു.




# കാത്തിരിപ്പ്

✍️ ഷാനവാസ് വടകര



സ്നേഹിച്ചു സ്നേഹിച്ചു
മനം കവർന്നു
എന്നെ നീ ഭ്രാന്തനാക്കി...
ഒരു നോക് കാണാൻ
ഒരു വാക്കു കേൾക്കാൻ
ദിനരാത്രങ്ങൾ ഞാൻ കാത്തിരിക്കും...

അഴകിൻ പൂമരമേ
തണലിൻ ആൽമരമേ
ജീവ യാത്രയിൽ
പൂക്കാലമാകാൻ
മഞ്ഞു കാലമാകാൻ
വന്നിടുമോ?

ഇളം കുളിർ കാറ്റായി
തലോടലായി
മഴക്കാലമായി പെയ്തു തീർക്കാൻ

പേജ് 1 തുടർച്ച

# ഇസ്രായേൽ-ഫലസ്തീൻ സംഘർഷം ഭാവിയെന്ത്...?

പിടിച്ചുകുലുക്കിയ ഹമാസിന്റെ ഈ ആക്രമണത്തിൽ 1139 പേരാണ് കൊല്ലപ്പെട്ടത്. 251 ആളുകളെ ബന്ദികളാക്കി ഗാസയിലേക്ക് കൊണ്ടുപോയി.

അൽ-അഖ്സ പള്ളിക്കുള്ളിൽ ചുവന്ന പശുവിനെ മൃഗബലി നടത്തുവാൻ ടെംപിൾ മൗണ്ട് അഡ്മിനിസ്ട്രേഷൻ എന്ന വലതുപക്ഷ സംഘടന ഒരുങ്ങുന്നുണ്ടായിരുന്നു. ഈ മൃഗബലി നടത്തിയാൽ അൽ-അഖ്സ പള്ളി പൊളിച്ച് സോളമന്റെ സിനഗോഗ് കൊണ്ടുവരാനാകുമെന്നാണ് സയണിസ്റ്റ് വിശ്വാസം. അതുകൂടി കണക്കിലെടുത്താണ് ഹമാസ് ഒക്ടോബർ ഏഴിന്റെ ആക്രമണത്തിന് "തൂഫാൻ അൽഅഖ്സ" എന്ന് നാമകരണം ചെയ്തത്. അന്ന് വൈകുന്നേരത്തോടെ ഇസ്രായേൽ യുദ്ധം പ്രഖ്യാപിച്ചു, ലക്ഷ്യങ്ങളും നിർണ്ണയിച്ചു. ഗാസയെ പൂർണ്ണമായും മരുപ്പറമ്പാക്കുക; ഹമാസിനെ തുടച്ചുനീക്കുക; ഫലസ്തീനിൽ നിന്ന് ഇനിയൊരിക്കലും ഇസ്രായേലിന് ഭീഷണി ഉയരാത്തവിധം എല്ലാ ചെറുത്തുനിൽപ്പുകളെയും വേരോടെ പിഴുതെറിയുക; ബന്ദികളെ മോചിപ്പിക്കുക ഇതായിരുന്നു യുദ്ധ ലക്ഷ്യം. എന്നാൽ യുദ്ധം ലോക പൊതുജനാഭിപ്രായം ഇസ്രായേലിന് എതിരാക്കി. അമേരിക്കയിലെയും യൂറോപ്പിലെയും ക്യാമ്പസുകളിൽ പ്രതിഷേധമിരമ്പി. ഈ യുദ്ധം വർഷങ്ങൾ നീണ്ടു നിൽക്കാനാണ് സാധ്യത.

# ശാക്തീകരണത്തിനുള്ള പ്രഖ്യാപനവുമായി കുവൈത്ത് കെഎംസിസി "തംകീൻ-2024"

കുവൈത്ത് കെ എം സി സി സംസ്ഥാന കമ്മിറ്റി 2024 നവംബർ-22 ന് 'തംകീൻ' എന്ന പ്രമേയവുമായി സമ്മേളനം സംഘടിപ്പിക്കുന്നു. 'തംകീൻ' എന്നത് പ്രവാസി സമൂഹത്തിന്റെ ജീവിതവ്യാപാരങ്ങളെ മുച്ചൂടും സ്വാധീനിക്കുന്ന പ്രചോദന സന്ദേശമാണ്. നന്മയുടെയും സമൃദ്ധിയുടെയും മാർഗം ലക്ഷ്യമാക്കി വിജയം നേടാനുമുള്ള മനുഷ്യ ശേഷിയെ വർദ്ധിപ്പിക്കുന്ന പ്രക്രിയയെയാണ് 'തംകീൻ' -ശാക്തീകരണം- എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. വൈയക്തികം, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം, ആരോഗ്യം തുടങ്ങിയ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന ബഹുമുഖ ആശയമാണിത്.

ശക്തമായ സാമൂഹികവും രാഷ്ട്രീയവുമായ പരിസരം രൂപപ്പെടുത്തുന്നതിൽ അതിലുൾക്കൊള്ളുന്ന വ്യക്തികളുടെ ശാക്തീകരണം അനിവാര്യമാണ്. അറിവ്, കഴിവ്, ശക്തി എന്നിവയാണ് വ്യക്തിയുടെ ശാക്തീകരണത്തിന്റെ അടിസ്ഥാനം. ആത്മവിശ്വാസമുള്ള വ്യക്തികളിലൂടെയാണ് ഉൽപ്പാദനക്ഷമതയുള്ള സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുക. ആത്മ വിശ്വാസം ആർജ്ജിക്കാൻ അറിവ് അനിവാര്യമാണ്. പഠനമാണ് അറിവിന്റെ ശക്തി. വായനയാണ് അറിവിലേക്കുള്ള വഴി. സംശയവും അരക്ഷിത ബോധവും പ്രലോഭനങ്ങളിലുണ്ടാകുന്ന ചാഞ്ചല്യവും ആത്മവിശ്വാസക്കുറവിന്റെയും അജ്ഞതയുടെയും അടയാളമാണ്. അറിവിലൂടെ നേടുന്ന ശക്തി ജീവിതത്തിനുമേൽ വ്യക്തിക്കുള്ള അധികാരത്തിലേക്ക് ബാഹ്യ ഇടപെടലുകൾ അസാധ്യമാക്കുന്നു.

സാമ്പത്തിക ഭാവി സ്വയം നിയന്ത്രിക്കാൻ പ്രാപ്തമാക്കുന്ന പ്രക്രിയയെയാണ് സാമ്പത്തിക ശാക്തീകരണം കൊണ്ട് വിവക്ഷിക്കുന്നത്. തൊഴിലവസരങ്ങൾ, ബിസിനസുകൾ, സാമ്പത്തിക സേവനങ്ങൾ എന്നിവക്കുള്ള അവസരങ്ങൾ കണ്ടെത്തുകയും അതിനെക്കുറിച്ചുള്ള അറിവും പ്രാപ്തിയും നേടിയെടുക്കുകയും ചെയ്യുന്നത് സാമ്പത്തിക ഭദ്രതയുള്ള സമൂഹ സൃഷ്ടിക്ക് ആവശ്യമാണ്. സാമ്പത്തിക സാക്ഷരത കൈവരിക്കാനുള്ള അവസരങ്ങൾ കണ്ടെത്തുകയും സുരക്ഷിതമായി സമ്പാദ്യ വർദ്ധനവുണ്ടാക്കാനുള്ള മാർഗങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തുകയും വേണം. ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉപയോഗപ്പെടുത്താനുള്ള അറിവും കഴിവും ഓരോ പൗരനും ആർജ്ജിച്ചെടുക്കണം. ചൂഷണം ഏറ്റവും വലിയ രീതിയിൽ നടക്കുന്നത് ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തുമാണ്. രാഷ്ട്രീയം, ഭരണം, നയരൂപീകരണം എന്നിവയിൽ ചൂഷണത്തിന് വിധേയമാകാതെ നിലപാട് കണ്ടെത്താൻ ഓരോ പൗരനും കഴിവുനേടുന്ന ഘട്ടമാണ് ഒരു സമൂഹം രാഷ്ട്രീയ ശാക്തീകരണം നേടുക. സാമൂഹിക നീതിയും തുല്യതയും ഉറപ്പാക്കാനും അവകാശങ്ങൾ തർക്കിച്ചു നേടാനും കഴിയണം. പ്രവാസികളുടെ ശാക്തീകരണത്തിലേക്ക് വെളിച്ചം പകരുന്ന ചർച്ചകൾ 'തംകീൻ' സമ്മേളന സന്ദേശമായി കുവൈത്ത് സമൂഹത്തിൽസജീവമായി നടക്കട്ടെ.



തംകീൻ കുവൈത്ത് കെഎംസിസി മഹാസമ്മേളനം കൂപ്പൺ പ്രകാശനം.



തംകീൻ കുവൈത്ത് കെഎംസിസി മഹാസമ്മേളനം
പ്രചരണ സമ്മേളനം തൃക്കരിപ്പൂർ മണ്ഡലം



തംകീൻ കുവൈത്ത് കെഎംസിസി മഹാസമ്മേളനം പോസ്റ്റർ പ്രകാശനം.

